# അദ്ധ്യായം 2

## വാർഷിക പദ്ധതി അവലോകനം 2025-26

1992-ൽ പന്ന്യന്നൂർ  പഞ്ചായത്തിൽ ആരംഭിച്ച വിഭവ ഭൂപട നിർമ്മാണ പ്രവർത്തനം ജനകീയാസൂത്രണ പരിപാടിക്ക് സഹായകമായി. കേരളശാസ്ത്രസാഹിത്യ പരിഷത്തിൻറെ ഗവേഷണസ്ഥാപനമായ IRTCയും തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന NCESS(National Centre of Earth Science and Studies) സർക്കാർ ഏജൻസിയായ CDS എന്നിവയുടെ ആഭിമുഖ്യത്തിലാണ് പ്രവർത്തനം നടന്നത്. വിഭവ ഭൂപടനിർമ്മാണ പ്രവർത്തനത്തിന് വമ്പിച്ച ജനകീയ പിന്തുണ നേടിയെടുക്കാനും ധാരാളം സന്നദ്ധപ്രവർത്തകരെ കണ്ടെത്താനും സാധിച്ചു. പന്ന്യന്നൂർ പഞ്ചായത്തിലെ ഭൂഘടനയെ കുറിച്ച് സമഗ്രമായുള്ള രേഖ ഗവേഷകന്മാർ അടക്കമുള്ള വ്യക്തികളുടെ സഹായത്താൽ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്. മണ്ണിൻറെഘടന കൽപ്പണ നീരൊഴുക്ക് ഭൂഗർഭജലസംവിധാനം പാറയിടുക്കുകൾ എന്നിവയെ സംബന്ധിച്ചുള്ള രേഖ ഈ പഠന പ്രവർത്തനത്തിൻറെ ഭാഗമായി ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

മണ്ണ് രൂപീകരണം, വർഗ്ഗീകരണം, ഭൌതികവും രാസപരവും, ജൈവികവുമായ സവിശേഷതകൾ, ഫലപുഷ്ടി തുടങ്ങിയവയെ കുറിച്ചും നീർത്തടാധിഷ്ഠിത പരിപാലനത്തെക്കുറിച്ചും കൂടുതൽ കരുതലുള്ളവരാകാൻ ഈ പഠനരേഖ നമ്മളെ ഏറെ സഹായിച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തിൻറെ മുന്നോടിയായി കേരളത്തിലെ 22 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത്കൊണ്ട് ഒരു പൈലറ്റ് പ്രോഗ്രാം ശാസ്ത്രസാഹിത്യ പരിഷത്ത് ആരംഭിച്ചിരുന്നു. അതിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. ഇതിൻറെ ഭാഗമായി 355/96 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത ഒരു വികസന സമിതി ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. ഈ സമിതിയുടെ കീഴിൽ താഴെപറയുന്ന സബ്കമ്മിറ്റികളും പ്രവർത്തിച്ചിരുന്നു.

| ക്രമ നം. | സബ്കമ്മിറ്റി | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | വിദ്യാഭ്യാസം | 25 |
| 2 | കാർഷികം | 19 |
| 3 | വ്യവസായം | 19 |
| 4 | ആരോഗ്യം | 17 |
| 5 | സ്ഥാപന പഠനം | 16 |

ഇതിൻറെ ഭാഗമായി നടന്ന പഞ്ചായത്ത് തല ശില്പശാലയിൽ പ്രവർത്തകർ പങ്കെടുത്തിരുന്നു. അവരെ 6 ഗ്രൂപ്പുകളാക്കി തിരിച്ച് ഗ്രാമസഭ ചർച്ചകൾക്ക് നേതൃത്വം നൽകാൻ നിയോഗിച്ചു. ഗ്രാമസഭ നിർദ്ദേശത്തിന് ശേഷം കോർഗ്രൂപ്പുകൾ ഗ്രാമസഭാ നിർദ്ദേശങ്ങളെ ക്രോഡീകരിച്ച് പട്ടികപ്പെടുത്തുകയുണ്ടായി. സബ്ക്കമ്മിറ്റിയുടെ നേതൃത്വത്തിൽ നേരത്തെ ശേഖരിച്ച ദ്വിതീയ വിവരശേഖരണങ്ങൾ പരിശോധിച്ചു. കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ ഗ്രൂപ്പുകളെ നിശ്ചയിച്ചു. വികസനരേഖ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ശില്പശാല നടന്നു. ജില്ലാതലത്തിൽ നടന്ന രണ്ടാംഘട്ട പരിശീലനത്തിന് ശേഷം വികസന റിപ്പോർട്ട് തയ്യാറാക്കുന്ന ശില്പശാല പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വെച്ച് നടന്നു. 12 വികസന മേഖലകളിലുള്ള കാര്യങ്ങൾ റിപ്പോർട്ടാക്കി മാറ്റുന്നതിന് വേണ്ടി 12 ഗ്രൂപ്പുകളെ നിയോഗിച്ചു. മൊത്തം പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ സജീവമായ നേതൃത്വം ഉണ്ടായിരുന്നു. പരിശീലനം ലഭിച്ചവർ, ഉദ്യോഗസ്ഥന്മാർ, വിദഗ്ദൻമാർ, സന്നദ്ധപ്രവർത്തകർ, തുടങ്ങി നൂറിൽപരം ആളുകളുടെ അശ്രാന്തപരിശ്രമത്തിൻറെ ഉല്പന്നമാണ് ഈ വികസന റിപ്പോർട്ട്.

# ഭരണ നിർവ്വഹണത്തിനുള്ള ജനകീയ സംവിധാനങ്ങൾ

ഒമ്പതാം പഞ്ചവത്സര പദ്ധതിയോടൊപ്പമാണ് കേരളത്തിൽ ജനകീയ പ്രസ്ഥാനം ആരംഭിച്ചത്. അതിന് മുമ്പ് പഞ്ചായത്ത് ഭരണസംവിധാനം ഉണ്ടെങ്കിലും, ആവശ്യത്തിനുള്ള ഫണ്ടോ തീരുമാനം എടുക്കാനുള്ള അധികാരങ്ങളോ ഉണ്ടായിട്ടില്ല. വല്ലപ്പോഴും കിട്ടുന്ന ഗ്രാൻറുകൾ ചെലവഴിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ തന്നെ പുറപ്പെടുവിക്കും. അങ്ങനെ കിട്ടുന്ന ഫണ്ടുകൾ സംസ്ഥാനതലത്തിൽ സർക്കാർ തീരുമാനം അനുസരിച്ച് മാത്രം നടപ്പാക്കേണ്ടി വരുമ്പോൾ ഉള്ള പ്രയാസം ചെറുതായിരുന്നില്ല. പ്രാദേശിക സവിശേഷതകൾക്കനുസരിച്ച്, ആവശ്യങ്ങൾക്കനുസരിച്ച്, ചെലവഴിക്കാനുള്ള അനുമതി ഉണ്ടായിരുന്നില്ല. ഇത്തരം ഫണ്ടുകളെ tide ഫണ്ട് എന്നാണ് അറിയപ്പെട്ടത്.

പദ്ധതി പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ എടുക്കുന്ന തീരുമാനത്തിനനുസരിച്ചായിരുന്നു. ഇതിന് ഒരുമാറ്റം വന്നത് ജനകീയാസൂത്രണ പദ്ധതി വന്നതോടെയാണ്. ജനാഭിലാഷം കണക്കിലെടുത്ത് കൊണ്ടുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാൻ സാധിക്കും എന്നതാണ് ഇതിൻറെ പ്രത്യേകതകൾ. നാടിൻറെ വികസന പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കാനുള്ള പഠനങ്ങൾ ജനപങ്കാളിത്തത്തോടെ നടക്കുകയുണ്ടായി. പന്ന്യന്നൂർ പഞ്ചായത്തിനെ സംബന്ധിച്ച് വിഭവഭൂപട സർവ്വേ പ്രവർത്തനം ഇതിൻറെ മുന്നോടിയായി നടക്കുകയുണ്ടായി. സർവ്വേയിൽ കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി രൂപീകരണത്തിന് ഏറെ പ്രയോജനപ്പെട്ടു. ഓരോ പ്രദേശത്തിൻറെയും ഭൂപ്രകൃതി, ജനപ്രകൃതി എന്നിവയെക്കുറിച്ച് എല്ലാമുള്ള പഠനമാണ് ഇതിൻറെ ഭാഗമായി നടന്നത്. പഞ്ചായത്തിൻറെ അതിരുകളിലൂടെയും, കുറുകെയും നടന്ന് കൊണ്ടുള്ള സർവ്വെയും നടത്തപ്പെടുകയുണ്ടായി. ഈ സർവ്വേ ഫലങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന വ്യത്യസ്ത ഗ്രൂപ്പ്തലത്തിൽ ചർച്ചകൾ നടത്തി അഭിപ്രായങ്ങൾ സ്വരൂപിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ രൂപം കൊടുത്ത വാർഡ് വികസനസമിതിയും, അയൽക്കൂട്ടങ്ങളും ഈ കാര്യത്തിൽ വലിയപങ്കാണ് വഹിച്ചത്. പഞ്ചായത്ത് ഭരണസമിതി രൂപംകൊടുത്ത വിഷയാടിസ്ഥാനത്തിലുള്ള കർമ്മസമിതികൾ പഞ്ചായത്തിൻറെ വികസനപ്രശ്നങ്ങൾ കണ്ടെത്തുന്നതിന് നല്ല പങ്കാണ് വഹിച്ചത്. പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷിഭവൻ, പ്രൈമറി ഹെൽത്ത് സെൻ്റർ തുടങ്ങിയ ഓഫീസുകളിൽ നിന്ന് ലഭ്യമായ വിവരങ്ങളും (Secondary Data)കളും വികസന പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ ഉപയോഗപ്പെടുത്തുകയുണ്ടായി.

നാട്ടിലാകെ നടന്ന പഠനങ്ങൾ, ചർച്ചകൾ, പര്യടനങ്ങൾ, സർവ്വേകൾ എന്നിവ കഴിയുമ്പോഴേക്കും പഞ്ചായത്ത് ഭരണസമിതിക്ക് ഒരു വികസന

കാഴ്ചപ്പാട് ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. വ്യത്യസ്ത കർമ്മസമിതികൾ യോഗം ചേർന്ന് ആ മേഖലക്കാവശ്യമായ പദ്ധതികളുടെ കരട് നിർദ്ദേശിച്ചു. വ്യത്യസ്ത മേഖലയിൽ കഴിവ് തെളിയിച്ച വ്യക്തികളുടെ അഭിപ്രായം തേടുന്നതിന് (State holders) മീറ്റിംഗ് സംഘടിപ്പിച്ച് അവരിൽ നിന്ന് അഭിപ്രായം തേടുകയുണ്ടായി. കർമ്മസമിതികൾ മുന്നോട്ട് വെച്ച കരട് പദ്ധതികൾ പഞ്ചായത്ത് ഭരണസമിതി ക്രോഡീകരിച്ച് പദ്ധതി രൂപീകരണത്തിനായി പ്രത്യേകം വിളിച്ചുചേർക്കുന്ന ഗ്രാമസഭയിൽ അവതരിപ്പിക്കും. ഗ്രാമസഭയുടെ വിജയത്തിനായി, ജനപങ്കാളിത്തം ഉറപ്പിക്കുന്നതിനായി വാർഡ് വികസനസമിതിയും അയൽക്കൂട്ടങ്ങളും വിളിച്ച് ചേർക്കുന്നു. ഗ്രാമസഭകളിൽ നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്ത് ജനാഭിപ്രായം രേഖപ്പെടുത്തി എടുക്കുകയും ഒരു നാടിന് ആവശ്യമായ വികസ, ക്ഷേമപ്രവർത്തനങ്ങളെല്ലാം ഗ്രാമസഭയിൽ ചർച്ച ചെയ്ത് അതിന് അധികാരം താഴെത്തട്ടിലേക്ക് എന്ന ജനകീയാസൂത്രണത്തിൻറെ മഹത്തായ ആശയം നടപ്പിൽ വരികയാണ്.

ഗ്രാമസഭകളിൽ നിന്ന് വരുന്ന അഭിപ്രായങ്ങൾ വിഷയാടിസ്ഥാനത്തിലും, മേഖലാടിസ്ഥാനത്തിലും ക്രോഡീകരിക്കുന്നു. ഇതിനായി കർമ്മസമിതികളുടെ (working group) പ്രത്യേക യോഗവും, പൊതുയോഗവും വിളിച്ചു ചേർക്കുന്നു. വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിച്ച പദ്ധതി ആശയങ്ങൾ വികസനസെമിനാറിൽ അവതരിപ്പിക്കും. ഗ്രാമസഭകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന നിശ്ചിത എണ്ണം ആളുകളാണ് സെമിനാറിൽ പങ്കെടുക്കുന്നത്. സെമിനാറിൽ പഞ്ചായത്ത് ഭരണസമിതിയുടെ വികസനകാഴ്ചപ്പാട് അവതരിപ്പിക്കും. തുടർന്ന് പദ്ധതി നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു. പദ്ധതി നിർദ്ദേശങ്ങളെക്കുറിച്ച് ഗ്രൂപ്പ് ചർച്ചകളും നടത്തി. സുസ്ഥിര വികസന ലക്ഷ്യം മുൻനിർത്തി കൊണ്ടാണ് എല്ലാ തരത്തിലും പ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുന്നത്. ഗ്രാമസഭാ തലത്തിലും പ്രത്യേക ഗ്രാമസഭയിലും സുസ്ഥിരമായ വികസനത്തെയാണ് മുന്നിൽ കാണുന്നത്.

അഭിപ്രായങ്ങൾ സ്വരൂപിക്കും. ഈ സെമിനാറിൽ നിന്നും ഉയർന്ന് വരുന്ന ആശയങ്ങളാണ് പഞ്ചായത്തിൻറെ വാർഷിക പദ്ധതി രൂപീകരണത്തിന് അടിസ്ഥാനം. പഞ്ചായത്തിലെ പഞ്ചവത്സരപദ്ധതിക്കും, വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും ജനകീയമായ ഇടപെടലുകൾ ഉറപ്പ് നൽകുന്നതാണ് ജനകീയാസൂത്രണം. പദ്ധതി നിർവ്വഹണഘട്ടത്തിൽ കർമ്മസമിതികൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് പദ്ധതികളുടെ കാര്യക്ഷമതയും, സുതാര്യതയും ഉറപ്പ് വരുത്തുന്നു.

ജനകീയാസൂത്രണം നിലവിൽ വന്നതോടുകൂടി പഞ്ചായത്ത് പരിധിയിലുള്ള പ്രധാനപ്പെട്ട ഓഫീസുകളായ കൃഷിഭവൻ, പ്രൈമറി ഹെൽത്ത് സെൻററുകൾ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം), വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, മൃഗാശുപത്രി, ഗവ: എൽ.പി.സ്കൂൾ, അങ്കണവാടി എന്നിവ പഞ്ചായത്തിന്

കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമായി മാറി. ഉദ്യോഗസ്ഥരുടെ മനോഭാവത്തിലും വലിയ മാറ്റം ഇതുവഴി ഉണ്ടായി. ജനകീയ പങ്കാളിത്തത്തോടെയുള്ള വികസന ആസൂത്രണ പ്രക്രിയയിൽ ജനങ്ങൾക്കൊപ്പം ഉദ്യോഗസ്ഥരും, ഉദ്യോഗസ്ഥർക്കൊപ്പം ജനങ്ങളും അണിനിരക്കുന്ന കാഴ്ച നാം കാണുകയുണ്ടായി.

2025-26 വർഷത്തെ ആകെ 225 പദ്ധതികൾക്കാണ് രൂപം കൊടുത്തത്. ഇതിൽ 40 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളാണ്. കാർഷിക മേഖലയിൽ കാർഷിക ഉൽപാദന വർദ്ധന ലക്ഷ്യമിട്ടും ഇടവിളകൾ പ്രോത്സാഹിപ്പിച്ചും പച്ചക്കറി കൃഷിക്ക് സ്വയം പര്യാപ്തത ലക്ഷ്യമിട്ടും തരിശ് രഹിത പന്ന്യന്നൂർ എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തിയും 16 പ്രൊജക്ടുകൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കുകയുണ്ടായി. ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നിറവേറാൻ കഴിയും വിധം മുഴുവൻ പ്രൊജക്ടുകളും സമയം ബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ 14 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. പാൽ ഉൽപാദനം, മുട്ടയും ഇറച്ചിയും ആവശ്യകതകനുസരിച്ച് ഉൽപാദനം നടത്താൻ കഴിഞ്ഞിലെങ്കിലും ബി പി എൽ കുടുംബങ്ങൾക്ക് വരുമാന വർദ്ധനവിന് ഈ പദ്ധതികൾ സഹായിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ 8 പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. രോഗ പ്രിതിരോധം, മരുന്ന് വാങ്ങൽ, സ്വാന്തനം പരിചരണം,, പി.എച്ച്.സി യുടെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ ലക്ഷ്യമിട്ട പുരോഗതി കൈവരിച്ചിട്ടുണ്ട്. ആയുർവേദ ചികിത്സ മേഖലയിൽ 3 പ്രൊജക്ടുകള് നടപ്പിലാക്കിയിട്ടുണ്ട്. മൂന്നും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മോണിട്ടറിംഗ് ടീം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മത്സ്യ ഒരു പ്രോജക്റ്റാണ് നടപ്പിലാക്കിയതി. ഇതു വഴി വരുമാന വർദ്ധനവും മത്സ്യ ഉൽപാദന വർദ്ധനവും സഹായകരമായിട്ടുണ്ട്.

റിംഗ് കമ്പോസ്റ്റ്, മിനി എം സി എഫ്, ശുചിത്വ കിണർ, റിട്രോഫിറ്റിംഗ്, ബൊക്കാഷി ബകറ്റ്, എന്നിവ ശുചിത്വ സംരക്ഷണം സാധ്യമാക്കാൻ സഹായകരമായിട്ടുണ്ട്. എം.സി.എഫി ന് സ്ഥലമെടുപ്പിനുള്ള പ്രോജക്റ്റിന്റെ നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. എസ് സി മേഖലയിൽ ഭവന പുനരുദ്ധാരണം, ലൈഫ് പദ്ധതി, ജനറൽ വിഭാഗത്തിലെ ലൈഫ് പദ്ധതി എന്നിവ ഫലപ്രദമായി പൂർത്തീയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വയോജനം, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് നിർദേശിച്ച പ്രകാരം യഥാക്രമം 5,10,5 ശതമാനം ഫണ്ട് വകയിരുത്താനും അതിന് അനുസൃതമായ പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. അങ്കണവാടികളുടെ പൂരക പോഷകാഹാര പദ്ധതിയും, ഭൌതിക സാചര്യം മെച്ചപ്പെടുത്താനുള്ള പദ്ധതിയും, ഭിന്ന ശേഷിക്കാർക്ക് ഉപകരണ വിതരണം, സ്കോളർഷിപ്പ് എന്നി പ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കൻ കഴിഞ്ഞിട്ടുണ്ട്.

അതിദാരിദ്ര നിർമ്മാർജന പ്രവർത്തനങ്ങൾ പ്രതിരോധ പ്രവർത്തനങ്ങൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ് മേഖലയിൽ 9 പ്രൊജക്ടുകൾ ഉണ്ടാക്കുകയുണ്ടായി. പുതിയ റോഡുകളും ടാർ ചെയ്യതിനോടൊപ്പം തകർന്ന റോഡുകൾക്ക് പ്രത്യേക പരിഗണന നൽകാൻ കഴിഞ്ഞിട്ടുണ്ട്. ആകെ 38 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

സുസ്ഥിര വികസനം മുൻനിർത്തികൊണ്ട് ഈ വർഷം പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് സാമൂഹിക സുരക്ഷിതത്വമുള്ള ഗ്രാമം, ലിംഗ സമത്വമുള്ള വികസം മുൻനിർത്തി ജെന്റർ ബജറ്റ് അംഗീകരിച്ചികൊണ്ടാണ് മുന്നോട്ട് പോകുന്നത്. അതിദാരിദ്ര്യ നിർമ്മാർജനത്തിൻറെ ഭാഗമായി 47 പേരെയാണ് കണ്ടെത്തിയിരുന്നത്. അവർക്ക് വേണ്ട പദ്ധതികൾ നടപ്പിലാക്കുകയും എല്ലാവരെയും അതിദാരിദ്ര്യത്തിൽ നിന്നും മുക്തരാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇവർക്ക് ആവശ്യമായ പദ്ധതികൾ തുടർന്നു വരുന്നുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നൈപുണ്യ വികസനം ലക്ഷ്യം വെച്ച് കൊണ്ടും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ അവതരിപ്പിച്ച ജലബജറ്റിന്റെ അടിസ്ഥാനത്തിൽ സമഗ്ര ജല വിഭവ പരിപാലന പ്രൊജക്ടുകളും ഈ വർഷത്തിൽ തുടങ്ങി വെച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ ഹ്രസ്വകാല പ്രൊജക്ടുകളും ദീർഘകാല പ്രൊജക്ടുകളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. മഴക്കാലത്ത് സുഗമമായ ജല നിർഗമനം പോലെ ജല സംരക്ഷണത്തിനും പ്രാധാന്യം കൊടുത്തിട്ടുണ്ട്. ജല ജീവൻ മിഷന്റെ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നു. എല്ലാ വീടുകളിലും ജല ജീവൻ മിഷന്റെ കണക്ഷൻ നൽകിയിട്ടുണ്ട്.

കാലാവസ്ഥ വ്യതിയാനം മുൻനിർത്തികൊണ്ട് ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനായുള്ള പദ്ധതികളും ബോധവൽകരണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷി മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ മുനൊരുക്കങ്ങൾ നടത്തുന്നുണ്ട്. വർൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം ടാങ്കർ ലോറികളിൽ ലഭ്യമാക്കുന്നതിന് പകരം ഇത്തരം മേഖലകളിൽ കിണർ റി ചാർജിംഗ് ശക്തമാക്കാൻ വേണ്ട നിർദ്ദേശങ്ങളും പദ്ധതികളും നടപിലാക്കുന്നുണ്ട്. പദ്ധതികൾ തുടരുന്നുമുണ്ട്.

മാലിന്യ മുക്ത നവകേരളത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള എം സി എഫും ആവശ്യമുള്ള സ്ഥലങ്ങളിൽ മിനി എം സി എഫുകളും ബോട്ടൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. മിനി എം.സി.എഫുകൾ ആവശ്യമുള്ളതിലും അധികം സ്ഥാപിച്ചിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന എം.സി.എഫിന് അത്യാധുനിക സംവിധാനത്തോടു കൂടി നിർമ്മിക്കാനുള്ള സ്ഥലമെട്ടപ്പ് പൂർത്തിയായി. കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനം തുടർന്നു വരുകയാണ്. 100 ശതമാനം മാലിന്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതിൽ നിന്നും പിന്നോട്ട് പോകാതിരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജൈവ

മാലിന്യം സംസ്കരണത്തിനാവശ്യമായ ശാസ്ത്രീയമായ സംവിധാനങ്ങൾ എല്ലായിടത്തും സ്ഥാപിച്ചു കഴിഞ്ഞു. സാനിറ്ററി നാപ്കിൻ, സ്ലഗ്ഗി എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

തെരുവ് നായ ശല്യം കുറക്കുന്നതിനാവശ്യമായ abc പദ്ധതി തുടർന്നു വരുന്നു. തെരുവ് നായകൾക്കുള്ള ഷെൽട്ടർ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ആലോചനയിൽ ഉണ്ട്. സൌകര്യമായ സ്ഥലത്ത് സ്ഥലം ലഭ്യമായിൽ ഷെൽട്ടർ നിർമ്മാണ പ്രവർത്തനം സർക്കാർ നിർദ്ദേശിച്ച പ്രകാരം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഹാപ്പിനസ് പാർക്കുകൾ നിർമ്മിക്കാനും പഞ്ചായത്തിലെ ജനങ്ങളുടെ സന്തോഷ സൂചിക ഉയർത്താനും ആവശ്യമായ പ്രാരംഭ പ്രവർത്തന നിർദ്ദേശങ്ങൾ (സ്ഥലമെടുപ്പ്) പദ്ധതിയിൽ വെച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. നിലവിൽ പുഴയോരത്ത് പഞ്ചായത്തിന് സ്വന്തമായുള്ള സ്ഥലത്ത് ചെറിയ തരത്തിലുള്ള വിശ്രമ കെന്ദ്രങ്ങൾ സ്ഥാപിക്കാനും പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഒരു ഏക്കർ കുളത്തിന്റെ പ്രവർത്തനം പൂർത്തിയാകുന്നതോടെ കുളത്തിന്റെ ചുറ്റും നല്ല രീതിയിലുള്ള ഒരു പാർക്ക് നിർമ്മിക്കാനുള്ള നിർദ്ദേശവും ഉണ്ടായിട്ടുണ്ട്.

ദാരിദ്ര ലഘൂകരണം മുൻനിർത്തിക്കൊണ്ട് വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശത്തിൽ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാർഷിക രംഗത്തെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാനും മുട്ട പാൽ എന്നി രംഗങ്ങളിൽ സ്വയം പര്യാപ്തത നേടാനുള്ള പദ്ധതികളും 2026–27 ൽ നിർദ്ദേശിക്കുന്നുണ്ട്.

2026–27 ൽ മുൻനിര പരിപാടിയിൽ ഭിന്നശേഷി സൗഹൃദ പദ്ധതികൾ നടപാക്കുന്നുണ്ട്. ത്രിതല പഞ്ചായത്തിന്റെ സഹായത്തോടെ ഇതിന് ആവശ്യാമായ തുക കണ്ടെത്തുന്നുണ്ട്. ഭിന്നശേഷി സ്കോളർഷിപ്പ്, ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പഠന ഉപകരണങ്ങൾ എന്നിവ പദ്ധതിയുടെ ഭാഗമായി വന്നിട്ടുണ്ട്. മാർഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണമായും നൽകാനുള്ള പദ്ധതികൾ വെച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെ വിഹിതം ലഭിക്കുന്നത് കൊണ്ട് അതിന് മതിയായ തുക പദ്ധതിയിൽ വെച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് – കെട്ടിടമില്ലാത്ത ആരോഗ്യ ഉപകേന്ദ്രമായ മനേക്കരയിൽ സ്ഥലം ലഭ്യമാക്കാനുള്ള സംവിധാന നിർദ്ദേശങ്ങൾ വെച്ചിട്ടുണ്ട്. മേലെ ചമ്പാട് ആരോഗ്യ ഉപകേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. മാർച്ചിൽ ഉദ്ഘാടനം ചെയ്യുകയാണ്. മനേക്കര സബ് സെന്ററിന്റെ സ്ഥലമെടുപ്പിന് 2026–27 പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലമെടുപ്പിന് ഫണ്ട് നീക്കിവെക്കാൻ തീരുമാനിച്ചിട്ടുണ്ട്.

# അദ്ധ്യായം 3

# പ്രശ്നവിശകലനവും, പ്രശ്ന പരിഹാര സാധ്യതകളും

പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയമപരമായി നിക്ഷിപ്തമായ ചുമതലയാണ്. ഇവ ഉപയോഗപ്പെടുത്തി കേരളത്തിന്റെ വികസനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് സതുത്യർഹമാണ്. വിവിധ വികസന സൂചികകളിൽ കേരളത്തിന് ദേശീയതലത്തിൽ പ്രഥമ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന നിഷ്ഠയും മികവുമാണ്. കേരളം തുടർച്ചയായി രണ്ടു വർഷം നേരിട്ട പ്രളയങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങളും അതിജീവിക്കാൻ കേരള സമൂഹത്തിന് കഴിഞ്ഞത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജ്ജീവ പങ്കാളിത്തം കൊണ്ടു കൂടിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും ഇനിയും പലമടങ്ങ് വർദ്ധിപ്പിക്കുന്നതിനാണ് പതിനാലാം പഞ്ചവൽസര പദ്ധതിയിലൂടെ ശ്രമിക്കുന്നത് . അനാവശ്യമായ കാലതാമസം വരുത്തുന്ന നടപടിക്രമങ്ങളും മറ്റ് നിയന്ത്രണങ്ങളും പരമാവധി ലഘൂകരിച്ച് വികസന പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും അനുബന്ധപ്രവർത്തനങ്ങളും ലളിതവും സുഗമവുമാക്കുകയാണ് ലക്ഷ്യം. ഈ പ്രക്രിയയിൽ വിവിധ തലങ്ങളിലുള്ള വികസനവകുപ്പുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഏകോപിതമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയെന്നതും പ്രധാനമാണ്.

പുതിയ കാലത്തിന്റെ വികസനസാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കേണ്ടതുണ്ട്. ഇതിനായി വിവിധ വൈജ്ഞാനിക മേഖലകളിലെ വിദഗ്ദ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തവും സേവനവും പ്രാദേശികാസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും വിലയിരുത്ത ലിന്റെയും എല്ലാ ഘട്ടങ്ങളിലും ഉറപ്പുവരുത്തണം. സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ വികസിപ്പിക്കുക എന്നതാണ് പതിനാലാം പദ്ധതിയുടെ പൊതു സമീപനം.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ സവിശേഷത വിവിധ തട്ടുകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന ബഹുതല ആസൂത്രണമാണ്. ഇതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം, ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ, ഓരോ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും വിഭജിച്ചു നൽകുകയും അവ തമ്മിൽ വിവിധ തലങ്ങളിൽ സംയോജിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ നിർവചിക്കുകയും ചെയ്തിട്ടുണ്ട്. വിപുലവും സമഗ്രവുമായ വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിന് ഒരേതട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ തിരശ്ചീനമായും (Horizontal) മറ്റുതട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ

ലംബനമാനമായുള്ള (Vetrical) പരസ്പര ബന്ധവും സംയോജനവും ആവശ്യമാണ്. വിവിധതട്ടുകളിലെ സാമ്പത്തികവിഭവങ്ങൾ, മനുഷ്യവിഭവങ്ങൾ, അധികാരം എന്നിവ നിർദ്ദിഷ്ട വ്യവസ്ഥകൾക്കനുസരിച്ച് സംയുക്തമായി ഉപയോഗിക്കുകയും വേണ്ടതുണ്ട്.

2026–27 വാർഷിക പദ്ധതിയിൽ മുൻനിര പരിപാടികളായി ഉൾക്കോള്ളിച്ചിട്ടുള്ള ദാരിദ്ര നിർമ്മാർജ്ജനം, പ്രാദേശിക സാമ്പത്തിക വികസനം തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, നൈപുണ്യ വികസനം, ജല ബജറ്റിന്റെ അടിസ്ഥാനത്തിൽ സമഗ്ര ജല വിഭവ പരിപാലന പ്രൊജക്ടുകൾ, കാലാവസ്ഥ വ്യതിയാനം, പ്രാദേശിക കർമ്മ പദ്ധതികൾ മാലിന്യ മുക്ത നവകേരളത്തിനായി ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ, ഹാപ്പിനസ് പാർക്കുമായി ബന്ധപ്പെട്ട പദ്ധതികൾ, ഭിന്നശേഷി സൗഹൃദപരമായ സമീപനം, ഭിന്നശേഷി സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികളും ഉൽപാദന മേഖലയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപാക്കലാണ് നമ്മുടെ ലക്ഷ്യം.

വിവിധ വികസന ഏജൻസികൾ വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കുന്നതിന് (Itnegration) പ്രാധാന്യം നിൽകണം. ഇല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും സമാന്തരമായ മറ്റുവികസന പ്രവർത്തനങ്ങളും തമ്മിലുള്ള ഏകോപനം നഷ്ടപ്പെടുകയും വൻതോതിൽ വിഭവശോഷണം ഉണ്ടാവുകയും ചെയ്യും. ഒരു പ്രദേശത്ത് സാദ്ധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വിഭവങ്ങൾ ഉപയോഗപ്പെടുത്തി കാര്യക്ഷമമായി വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഇതോടൊപ്പം ജില്ലാതലത്തിലുള്ള ആസൂത്രണത്തിന്റെ ഫലമായി തയ്യാറാക്കപ്പെടുന്ന ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക – ദീർഘകാല പദ്ധതികളിൽ പ്രതിഫലിക്കുന്നുവെന്നും ഉറപ്പാക്കേണ്ടതുണ്ട്.

പൊതുവികസന ലക്ഷ്യങ്ങൾ മുൻ നിർത്തിയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ള അനുകരണീയമായ മാതൃകകളെ അടിസ്ഥാനമാക്കിയുമാണ് നിർദ്ദേശങ്ങൾ പലതും സ്വരൂപിച്ചിട്ടുള്ളത്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് നവീനമായ ആശയങ്ങൾ വികസന പദ്ധതികളായി ആവിഷ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ പൊതു നയത്തിന് അനുരൂപമായും സഹായകമായും പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വിഭവലഭ്യത , സാങ്കേതിക സഹായലഭ്യത, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി വ്യത്യാസങ്ങൾ വരുമെങ്കിലും പൊതുവായ വികസന ലക്ഷ്യങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് വികസനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ സ്വീകരിക്കേണ്ട പൊതുലക്ഷ്യങ്ങളും മുൻഗണനകളും താഴെ നൽകുന്നു.

## പൊതു ലക്ഷ്യങ്ങൾ

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനമാണ് നാം 14 ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വിഭാവനം ചെയ്യുന്നത്. നമ്മുടെ ആർജിത നേട്ടങ്ങൾ വർദ്ധിപ്പിക്കാൻ സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി സമ്പദ് വ്യവസ്ഥ വിജ്ഞാനാധിഷ്ഠിതമായി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കണം. നാം ഇന്നേവരെ ആർജ്ജിച്ച സാമൂഹ്യ സാമ്പത്തിക വികസനത്തിന് കാരണമായ ഘടകങ്ങളെ ശക്തിപ്പെടുത്തുകയും ഓരോ വ്യക്തിയുടെയും സമഗ്ര വികസനം ഉറപ്പുവരുത്തുകയും വേണം.

## പൊതുഭരണം ധനകാര്യം സദ്ഭരണം, വാതിൽപ്പടി സേവനം

ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സേവനം ജനകീയവും സുതാര്യവുമാക്കാൻ പര്യാപ്തമായ രീതിയിൽ പാശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ നാം ലക്ഷ്യമിടുന്നു. എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനായി മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കാൻ കഴിയണം. ഈ–ഗവേണൻസ് സമ്പ്രദായത്തിലേക്ക് എല്ലാ സേവനങ്ങളെയും മാറ്റണം.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക. സേവന പ്രധാനം വാതിൽപ്പടി സേവനം എന്നിവയിലൂടെ സദ്ഭരണം ഉറപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര വിഭാഗത്തിൽ പെട്ടവർക്കായി വിവിധ തരത്തിലുള്ള (ഭക്ഷണം, മരുന്ന്, മറ്റ് സൗകര്യങ്ങൾ) സേവനം ലഭ്യമാക്കാൻ പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

## കൃഷി, മണ്ണ് ജല സംരക്ഷണം, തൊഴിലുറപ്പ്, മത്സ്യ ബന്ധനം

തരിശ് രഹിത പന്ന്യന്നൂർ എന്ന പ്രഖ്യാപിത ലക്ഷ്യം ഒരു തുടർ പ്രവർത്തനമായി അംഗീകരിക്കുക. ഇതിനായി കാർഷിക മേഖലയിലെ എല്ലാ ഘടക പദ്ധതികളും സംയോജിപ്പിച്ച് ഉല്പാദന വർദ്ധനവിലേക്ക് നയിക്കാൻ കഴിയണം. വിത്ത് മുതൽ വിപണി വരെ ശാസ്ത്രീയമായ സമീപനത്തിലൂന്നി പദ്ധതി രൂപീകരിക്കാൻ കഴിയണം.

മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിനുള്ള പരിശീലനം ശുദ്ധജല മത്സ്യ കൃഷിക്കുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്തുക. തൊഴിലുറപ്പ് പദ്ധതിയെ മണ്ണ് ജല സംരക്ഷണത്തിനായി പരമാവധി പ്രയോജനപ്പെടുത്തും വിധം പദ്ധതികൾക്ക് രൂപം നൽകാൻ കഴിയണം.

പാടശേഖര സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ 5 കേന്ദ്രങ്ങളിൽ തരിശായി കിടക്കുന്ന നെൽ കൃഷിക്ക് അനുയോജ്യമായ വയലുകളിൽ

ജനപങ്കാളിത്വത്തോടെ നെൽ കൃഷിയും അനുബന്ധ കൃഷിയും നടത്താനുള്ള സംവിധാനം ഈ പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

## മൃഗ സംരക്ഷണം ക്ഷീര വികസനം

പാൽ, മുട്ട, മാംസം എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാൻ കഴിയും വിധം സമഗ്ര പദ്ധതികൾക്ക് രൂപം നൽകുക. കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കാനും ഗുണമേന്മയുള്ള ഇനങ്ങളെ വിതരണം ചെയ്യാനും കഴിയണം. മൃഗ സംരക്ഷണ മേഖലയിൽ ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തേണ്ടതുണ്ട്. രോഗ പ്രതിരോധത്തിന് പ്രാമുഖ്യം നൽകി ബോധവൽക്കരണം, മരുന്നുകൾ ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങളിലും ശ്രദ്ധ ഊന്നാൻ കഴിയണം. മൃഗ ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതോടൊപ്പം മൊബൈൽ ക്ലിനിക്ക് നടപ്പിലാക്കാനും കഴിയണം. ആട്, കോഴി, പോത്ത് ഫാമുകൾ ആരംഭിക്കാൻ കഴിയുന്നതിലൂടെ വരുമാനവും തൊഴിലും വർദ്ധിപ്പിക്കാൻ കഴിയും വിധം ചെറുപ്പക്കാരായ സംരംഭകരെ ആകർഷിക്കാൻ ശ്രദ്ധിക്കണം.

## കുടിവെള്ളം ശുചിത്വം

ശുദ്ധമായ കുടിവെള്ളം മുഴവൻ വീടുകളിലും എത്തിക്കുക എന്ന സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി യാണ് ഈ മേഖലയിൽ പ്രോജക്ടുകൾക്ക് രൂപം കൊടുക്കേണ്ടത് കുടിവെള്ള ക്ഷാമം നേരിടുന്ന മേഘലക്കും കൂടിയ തോതിൽ ജലമലിനീകരണം സംഭവിച്ചു കൊണ്ടിരിക്കുന്ന മേഖലക്കും പ്രത്യേക പ്രാധാന്യം നൽകി കൊണ്ട് ചെറുകിട കുടിവെള്ള പദ്ധതിക്കും രൂപം കൊടുക്കേണ്ടതുണ്ട്. ജലജീവൻ മിഷ്യന്റെ ഭാഗമായി പഞ്ചായത്തിലെ 4500 ൽ പരം വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള സംസ്ഥാന സർക്കാറിന്റെ പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുണ്ട്. ആകെ മുള്ള 4500 ൽ പരം വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകാനുള്ള സംസ്ഥാന സർക്കാറിന്റെ പദ്ധതി പൂർത്തീകരിച്ചു വരുകയാണ്. ബാക്കിയുള്ള 2000 വീടുകൾക്ക് കണക്ഷൻ നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. കണക്ഷൻ ലഭിച്ച വീടുകൾക്ക് പൂർണ്ണമായി ജല ലഭ്യത ഉറപ്പായിട്ടില്ല.

പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ മൈലാടി മൊട്ടയിൽ പൈപ്പ് കണക്ഷനിലൂടെ ജലം ലഭ്യമാക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ അവിടെ പ്രത്യേക ടാങ്കുകൾ സ്ഥാപിച്ച് പ്രസ്തുത പ്രദേശത്ത് താമിസിക്കുന്നവർക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി നിർദേശിച്ചിട്ടുണ്ട്. ജല ജീവൻ മിഷന്റെ ടാങ്ക് കനകമലയിൽ വരുന്നതോടു കൂടി ഇവിടത്തെ കുടിവെള്ള ക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിലെ ജലം ലഭ്യമാകുന്ന വിവിധ മേഖലകളിൽ നിലവിലുള്ള കുളങ്ങൾ ശുചീകരിക്കാനും പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതികൾ ഉണ്ടാവണം. പഞ്ചായത്തിലെ മുഴവൻ കുടിവെള്ള സ്രോതസ്സുകളും ശുചീകരിക്കുന്നതിനും വീണ്ടെടുക്കുന്നതിനുമുള്ള പദ്ധതികളും രൂപീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ 4 കുളങ്ങൾ പാർശ്വഭിത്തി കെട്ടി ശുചീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വരുംകാല പദ്ധതികളിൽ ഉൾപ്പെടുത്തി ശുചീകരിക്കാനുള്ള പദ്ധതികൾ നടന്നു വരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകളും നീർച്ചാലുകളും ശുചീകരിക്കുകയും ജലപരിശോധന നടത്തുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

അജൈവ മാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ആധുനിക സൗകര്യത്തോടുകൂടിയ ഒരു എം സി എഫ് നിർമ്മിക്കാൻ ആവശ്യമായ സ്ഥലമെടുപ്പ് മനേക്കര ഭാഗത്ത് നടന്നു വരുന്നു. അവിടെ ആധുനിക രീതിയിലുള്ള ഒരു എം.സി.എഫ് നിർമ്മിക്കാനുള്ള പ്രവർത്തനത്തിന് നിർദേശിച്ചിട്ടുണ്ട്. അതുപോലെ മിനി എം സി എഫുകളും, ബോട്ടിൽ ബൂത്തുകളും ആവശ്യമുള്ളിടങ്ങളിൽ സ്ഥാപിക്കാൻ പദ്ധതി വെച്ചിട്ടുണ്ട്. പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ വലിച്ചറിയുന്നത് തടയാൻ 41 സി സി ടി വി കൾ സ്ഥാപിക്കുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ഹരിത കർമ്മ സേനയുടെ സാറ്റസ് ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള പദ്ധതികളും ചേർത്തിട്ടുണ്ട്.

പ്ലാസ്റ്റിക്ക് വിമുക്ത പഞ്ചായത്ത് ഉറവിട മാലിന്യ സംസ്കരണം ഹരിത സേനയുടെ പ്രവർത്തനങ്ങൾ ഖരമാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും ദ്രവമലിന്യ സംസ്കരണത്തിനുള്ള സോക്ക് പിറ്റുകളുടെ നിർമ്മാണം മണ്ണ് ജലവും വായുവും മലിനീകരിക്കുന്നതിനെതിരെ യുള്ള ബോധ വൽക്കരണവും പദ്ധതിയായി കൊണ്ട് വരേണ്ടതുണ്ട്. പഞ്ചായത്തിന് പൊതു ഇടങ്ങളിലും മറ്റും ജൈവമാലിന്യങ്ങൾ കത്തിക്കുന്നത് പരമാവധി കുറച്ചു കൊണ്ട് സീറോ കാർബൺ പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുകയാണ്.

## വിദ്യാഭ്യാസ കലാ കായികം സംസ്കാരം :

നാം പൊതുവിദ്യാഭ്യാസ രംഗത്ത് ആർജിച്ച നേട്ടങ്ങൾ നിലനിർത്തുകയും വിദ്ധ്യാലയങ്ങളുടെ അടിസ്ഥാന സൌകര്യ പഠന ബോധന പ്രക്രീയകൾ പാഠാബന്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും പദ്ധതികൾ ഉണ്ടാവണം. ഡിജിറ്റലൈസേഷൻ ഓൺലൈൻ സാങ്കേതിക വിദ്ധ്യകൾ തുടങ്ങിയ നൂതന സംങ്കേതങ്ങൾ ക്ലാസ് മുറി കളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികള്ക്ക് രൂപം നൽകുന്നതാണ്. സ്പോർട്ട്സ് സബ്മിറ്റിന്റെ ഭാഗമായി പഞ്ചായത്തിന്റെ പൊതു സ്വകാര്യ കളിസ്ഥലങ്ങൾ, സാധ്യതയുള്ള കളികൾ, സ്പോർട്ട്സ് ഗെയിംസ് മത്സരങ്ങൾ, പഞ്ചായത്തിലെ പ്രമുഖരായ കളിക്കാർ കളികൾ എന്നിവ കൃത്യമായി പട്ടികപ്പെടുത്തി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ക്ലബ്ബുകൾക്ക് കളി ഉപകരണങ്ങൾ, കിറ്റുകൾ, പരിശീലനങ്ങൾ എന്നിവ നൽകുന്നതിനുള്ള പദ്ധതികളും മുന്നോട്ടട് വച്ചിട്ടുണ്ട്. ഇത് കായികപരമായ പഞ്ചായത്തിന്റെ ഉയർച്ചയും കായികക്ഷമതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കലാകായിക മികവുകൾ വിദ്യാർത്ഥികളിലും യുവജനങ്ങളിലും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങളും അനുബന്ധ സൌകര്യങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതാണ്. അംഗനാവാടി കുട്ടികൾക്ക് അംഗനവാടികളിൽ വായന കോർണർ സ്ഥാപിക്കാനുള്ള പദ്ധതികളും തുടങ്ങിയിട്ടുണ്ട്. വായന ശാലകളെ വിദ്യാലയങ്ങളുമായും പൊതു സമൂഹവുമായും ബന്ധിപ്പിച്ച് വായനയിൽ സാർഗ്ഗാത്മക രചനകളും പോഷിപ്പിക്കുന്നതരത്തിലുള്ള പദ്ധതികളും വേണം. യുവജനങ്ങളെയും വിദ്യാർഥികളെയും ഉത്തരം പ്രവർത്തനത്തിൽ ഭാഗവാക്കാവുന്നതരത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകണം.

പഞ്ചായത്ത് സ്പോർട്സ് കൌൺസിൽ രൂപീകരിച്ച് കായിക രംഗത്ത് മികച്ച കായിക പ്രതിഭകൾക്ക് വളർന്നുവരാനുള്ള സൌകര്യം ഒരുക്കും.

## പൊതു മരാമത്ത് – വൈദ്യുതി – ഊർജ്ജം

പഞ്ചായത്തിലെ മുഴുവൻ റോഡുകളെയും നീളം വീതി പ്രാധാന്യം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ തയ്യാറാക്കുന്നതിനുള്ള റോഡ് രജിസ്റ്ററിൽ രൂപം നൽകും. തകർന്ന റോഡുകളുടെ സംരക്ഷണ ഉറപ്പാക്കുകയും റോഡുകളുടെ സംരക്ഷണത്തിന് ജനകിയ സമിതികൾ രൂപം നൽകുകയും ചെയ്യും. വീതികുറഞ്ഞ റോഡുകളെ 4 മീറ്റർ വീതിയിലേക്ക് വികസിപ്പിച്ച് പരമാവധി പുതിയ റോഡുകൾ ടാർ ചെയ്യുന്നതിന് പദ്ധതികൾക്ക് രൂപം നൽകും. റോഡ് ബ്ലോക്ക് വരുമ്പോൾ ലിങ്ക് റോഡ് സംവിധാനം വഴി വാഹനങ്ങൾക്ക് സുഗമമായി കടന്നു പോകാനുള്ള സംവിധാനം ഉറപ്പാക്കാനുള്ള പദ്ധതികൾ റോഡ് വികസനത്തിൽ ഉൾച്ചേർക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് ചെറിയ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും.

ടാർ ചെയ്ത സ്ട്രീറ്റ് ലൈൻ വലിക്കാത്ത മുഴുവൻ റോഡുകളിലും ലൈൻ വലിച്ച് ബൾബുകൾ സ്ഥാപിക്കും മറ്റ് പൊതുവഴികളിലും ഇടവഴികളിലും ഗ്രാമപഞ്ചായത്തിന്റെ തനത് പരിപാടിയായ 'ഒരു വിളക്ക് നാടാകെ വെളിച്ചം' പദ്ധതിയിലൂടെ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾ, പഞ്ചായത്ത്, വീടുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൌരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകും.

## പ്രാദേശിക സാമ്പത്തിക വികസനം

## ചെറുകിട വ്യവസായം, കുടുംബശ്രീ, സൂഷ്മ സംരഭങ്ങൾ സഹകരണം

തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ കഴിയും വിധം നൂതനമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇതിലേക്ക് യുവസംരംഭകരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനും കഴിയേണ്ടതുണ്ട്. വനിതാ ഗ്രൂപ്പുകൾക്ക് പ്രത്യേക പരിഗണനയും പ്രോൽസാഹനവും ഈ മേഖലയിൽ ലക്ഷ്യമിടുന്നുണ്ട്. സംരംഭത്വ പരിശീലനവും വായ്പ ലഭ്യമാക്കുന്നതിന് സഹകരണ മേഖലയെ കൂട്ടി യോജിപ്പിക്കുന്നതിനും കഴിയണം. ലേബർ കോൺട്രാക്റ്റ് മാതൃകയിലുള്ള സഹകരണ സംവിധാനങ്ങൾക്ക് രൂപം കൊടുക്കണം.

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൂതനമായ ആശയങ്ങൾ പകർന്നു നൽകി പുതുമയാർന്ന സംരംഭങ്ങൾ തുടങ്ങാൻ കഴിയണം.

## ദാരിദ്ര്യ ലഘൂകരണം

ദാരിദ്ര്യ നിർമ്മാജനം നടപ്പിലാക്കാൻ കഴിയും വിധം അതി ദരിദ്രരുടെ ഉന്നമനത്തിനായി വ്യത്യസ്ത വ്യക്തിഗത വികസന പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയണം. നിലവിൽ ദാരിദ്ര്യ നിർമ്മാജനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ തുടരുകയും അതിദരിദ്ര

പട്ടികയിലുള്ള കുടുംബങ്ങൾക്ക് വീട് വെച്ച് കൊടുക്കാൻ ചില സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നത് പരിഹരിച്ച് സ്വന്തമായ സ്ഥലം കണ്ടെത്തി വീട് നിർമ്മിക്കാനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുന്നുണ്ട്. സ്വന്തമായി സ്ഥലമുള്ള അതിദരിദ്ര കുടുംബത്തിന്റെ സ്ഥലം അന്യാദീനപ്പെട്ടത് തിരിച്ച് പിടിച്ച് ലൈഫിൽ ഉൾപ്പെടുത്താൻ വേണ്ട സംവിധാനങ്ങൾ ചെയ്യുന്നുണ്ട്. സ്ഥലമില്ലാതെ ഒറ്റക്ക് താമസിക്കുന്ന കുടുംബത്തിന് പൊതു അഭയകേന്ദ്രത്തിലേക്ക് മാറ്റുന്നതും പഞ്ചായത്ത് പരിഗണിക്കുന്നുണ്ട്.

ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ അംഗീകരിക്കുന്ന മുറയ്ക്ക് ജനകീയ സഹകരണത്തോടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയണം. ഉന്നതികളുടെ പ്രവൃത്തിയിലുള്ള സാങ്കേതിക പരിഹരിച്ച് ഫ്ളാറ്റ് സമുച്ചയം സ്ഥാപിക്കാൻ ആലോചിക്കുന്നു. ഉന്നതികളിലെ 18 പേർക്ക് കഴിഞ്ഞ വർഷം പട്ടയം വിതരണം ചെയ്യാനും കഴിഞ്ഞു. ശേഷിക്കുന്നവർക്ക് പട്ടയം നൽകാനുള്ള സംവിധാനം ആലോചിക്കണം. അതിദരിദ്ര്യ കുടുംബങ്ങളെ വിവിധ പദ്ധതികളിലൂടെ ദാരിദ്ര്യ മുക്തമായി പ്രഖ്യാപിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അവർക്ക് ആവശ്യമായ പദ്ധതികൾ നടപ്പാക്കി വരുന്നു.

## 14 ാം പഞ്ചവത്സര പദ്ധതി – ഗ്രാമപഞ്ചായത്ത് തല തയ്യാറെടുപ്പുകളും അവലംബിച്ച നടപടി ക്രമങ്ങളും

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25 വർഷക്കാല പദ്ധതി പ്രവർത്തനങ്ങളുടെ അവസ്ഥാരേഖ തയ്യാറാക്കിയതിലൂടെ ഏറെ വിലപ്പെട്ട കണ്ടെത്തലുകളും വിലയിരുത്തലുകളും രൂപപ്പെട്ടുവരികയുണ്ടായി. വിജയിച്ച പ്രോജക്ടുകൾ, പരാജയപ്പെട്ട പ്രോജക്ടുകൾ, പരാജയപ്പെടാനുണ്ടായ കാരണം, വികസനം ഉറപ്പ് വരുത്തിയവ, എന്നിവ നയരൂപീകരണത്തിന് ഏറെ പ്രയോജനപ്രദമായിട്ടുണ്ട്. സുസ്ഥിര വികസനത്തിലൂടെ വിജ്ഞാനധിഷ്ടിത സമ്പദ് വ്യവസ്ഥയായി പരിവർത്തനം ചെയ്യത്തക്ക നിലയിൽ പദ്ധതി രൂപപ്പെടുത്തുക എന്നതാണ് 14 ാം പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാമത്. 14ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമാകയാൽ ഈ വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്ത എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ കഴിഞ്ഞു എന്ന ചാരിധാർത്ഥ്യമുണ്ട്. ഈ ലക്ഷ്യ സാക്ഷാത്കാരത്തിന് ഉതകുമാര് വിവിധ വർക്കിംഗ് ഗ്രൂപ്പ്

അംഗങ്ങൾക്കും ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്കും ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കും ഒരു മുഴുവൻ ദിവസ പരിശീലനം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടുന്നു. പ്രസ്തുത പരിപാടിയിൽ 2026-27 ൽ വാർഷിക പദ്ധതി തയ്യാറാക്കാൻ മുൻഗണന മേഖലകൾ അതിന്റെ പരിപാടികൾ എന്നതിന് കുറിച്ച് കിലയുടെ ആർ പി മാർ ക്ലാസ്സ് എടുത്തു. അതി ദാരിദ്ര്യ നിർമ്മാർജന മുതൽ ഉൽപാദന വർദ്ധിപ്പിക്കൽ വരെയുള്ള 11 മുൻനിരപരിപാടികൾ വിശദീകരിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന് വിഷയാടിസ്ഥാനത്തിൽ ചർച്ച ചെയ്ത് കരട് രേഖ തയ്യാറാക്കലായിരുന്നു പ്രാരംഭ പ്രവർത്തനം.

ഇങ്ങനെ തയ്യാറാക്കിയ കരട് രേഖയും, സംസ്ഥാന സർക്കാരിന്റെ പദ്ധതി കാഴ്ച്ചപ്പാടും ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെയും ഗ്രാമസഭകളിൽ ചർച്ചക്ക് വിധേയമാക്കി. 13 വിഷയ ഗ്രൂപ്പുകളിലായി നടന്ന ചർച്ചയിലൂടെ രേഖപ്പെടുത്തിയ വിഷയങ്ങൾ പൊതു അവതരണത്തിലൂടെ ഗ്രാമസഭയുടെ അംഗീകാരം വാങ്ങുകയുണ്ടായി. ഗ്രാമ സഭകൾ പൊതുവേ പങ്കാളിത്തം കൊണ്ടും ഉൾക്കാമ്പുള്ള ചർച്ചകൾ കൊണ്ടും ശ്രദ്ധേയമായിരിന്നു. ഗ്രാമ സഭകളിലെ ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്ത്വം കൊടുക്കുന്നതിന് ഫെസിലേറ്റർ മാർക്ക് പ്രത്യേക പരിശീലനം നൽകി ഉപയോഗിക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ വികസന സെമിനാറിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കും ചെയ്തിട്ടുണ്ട്. ഈ വർഷം ഗ്രാമപഞ്ചായത്ത് സാമൂഹിക സുരക്ഷിതത്വമുള്ള ഗ്രാമം, ലിംഗ സമത്വമുള്ള വികസനം എന്ന രണ്ട് വിഷയങ്ങൾ മുൻ നിർത്തിയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

# അധ്യായം 4

## വികസന കാഴ്ചപാട് ലക്ഷ്യങ്ങൾ തന്ത്രം

**ആമുഖം :** വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ മേഖലയുടെയും പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ഇതിന് പുറമേ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കേണ്ട ഭാഗമായി ഈ വർഷം ഗ്രാമ സഭകളുടെ പ്രത്യേക നിർദ്ദേശ പ്രകാരം സാമൂഹിക സുരക്ഷിതത്വമുള്ള ഗ്രാമം, ലിംഗ സമത്വമുള്ള വികസം എന്നീ രണ്ട് വിഷയങ്ങൾ ഊന്നിയുള്ള വികസന കാഴ്പാടാണ് നമ്മൾ മുന്നോട്ട് വെക്കുന്നത്. ഈ അവസ്ഥാ രേഖകളുടെ ക്രോഡീകരിച്ച് അവതരണമാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം.

കഴിഞ്ഞ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി വിജയം കൈവരിച്ച പ്രോജക്ടുകളും പരാജയം സംഭവിച്ച പ്രോജക്ടുകളും ഉപേക്ഷിക്കേണ്ടി വന്ന പ്രോജക്ടുകളും രേഖപ്പെടുത്തിയിട്ടുണ്ട്.

നവകേരള മിഷനുകളിലൂടെ ഉണ്ടായ നേട്ടങ്ങൾ വിവിധ ഗ്രാമസഭകളിലൂടെ ജനങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ പ്രശ്നപരിഹാര മാർഗ്ഗങ്ങൾ പഞ്ചവത്സര പദ്ധതി കാലത്തേക്കുള്ള വികസന ലക്ഷ്യങ്ങൾ ഇവയും രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന പദ്ധതികളുമായും വിവിധ മിഷനുകളുമായും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുമായി സംയോജനം സാധ്യമാകുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

# വികസനമേഖലയുടെ അവസ്ഥ (1996 ലെയും ഇന്നത്തെയും അവസ്ഥ)

## 1. പൊതുഭരണവും ധനകാര്യവും

പൊതുജനസൌഹൃദവും, ഹൈടെക്ക് സംവിധാനമുള്ളതുമായ ഭരണസിരാകേന്ദ്രം ഏതൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഒഴിച്ചുകൂടാത്തതാണ്. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഘടകസ്ഥാപനങ്ങളെല്ലാം ഹൈടെക് ആവുകയും അവയുടെ ഏകോപനത്തിന് ഉതകുമാറ് ഗ്രാമപഞ്ചായത്ത് ഉയർന്ന് വരികയും വേണം. സദ്ഭരണം ഉറപ്പ് വരുത്താനും സേവനം മെച്ചപ്പെടുത്താനുമുള്ള പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ISO അംഗീകാരം എല്ലാ ഘടകസ്ഥാപനങ്ങൾക്കും ലഭ്യമാക്കാനുള്ള കാര്യക്ഷമമായ പ്രവർത്തനം വേണം. വരുമാന വർദ്ധനവിനുള്ള പുതിയവഴികൾ കണ്ടെത്തണം. കെ-സ്മാർട്ട് വഴി ജനങ്ങൾക്ക് നേരിട്ട് പഞ്ചായത്ത് സേവനങ്ങൾ ലഭിക്കുവാനുള്ള തലത്തിലേക്ക് പഞ്ചായത്ത് സംവിധാനം മാറിയിട്ടുണ്ട്. നികുതി ഘടന ശാസ്ത്രീയമായി പരിഷ്കരിക്കാൻ ആവശ്യമായ നടപടി മേൽത്തട്ടിൽ നിന്നുണ്ടാകണം. വികസനത്തിന് സ്ഥലപരിമിതി തടസ്സമാകുന്നത് ഗൌരവത്തോടെ കാണേണ്ടതുണ്ട്.

പഞ്ചായത്തിന് പുതിയ ആധുനിക സൌകര്യങ്ങളോടു കൂടിയ ഓഫീസ് സംവിധാനം കണ്ടെത്തുവാൻ ആവശ്യമായ പ്രാഥമിക നടപടികൾ മുന്നോട്ട് പോയിട്ടുണ്ട്. ഊർജ്ജസ്വയം പര്യാപ്തതയ്ക്കായി സോളാർ പാനൽ സ്ഥാപിച്ച് ഗ്രീൻഎനർജി സ്ഥാപനമാക്കാൻ സാധിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്തിന്റെ കീഴിലുള്ള ഘടകസ്ഥാപനങ്ങളിൽ സൗരോർജ പാനൽ സ്ഥാപിക്കുന്നതിന്റെ പദ്ധതികൾ ഈ വർഷം ആരംഭിക്കേണ്ടതുണ്ട്.

## 2. കൃഷി,മണ്ണ്,ജലസംരക്ഷണം,തൊഴിലുറപ്പ്,മത്സ്യബന്ധനം

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് ഒരു കാർഷിക ഭൂഭാഗമാണ്. കൃഷിയായിരുന്നു മിക്ക വ്യക്തികളുടെയും വരുമാന സ്രോതസ്സ്. 10.02 ച.കി.മീ മാത്രം ഭൂവിസ്തൃതിയുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ കൃഷിഭൂമിയുടെ അളവ് കുറഞ്ഞ് വരികയാണ്. വലിയവീടുകളും മറ്റ് കെട്ടിടങ്ങളുടെയും നിർമ്മാണം വഴി അതിവേഗത്തിൽ ഭൂമി തരംമാറ്റപ്പെടുന്നു. 1970കളിൽ 850 ഹെക്ടറിൽ അധികം കൃഷിഭൂമി ഉണ്ടായിരുന്നത് ഇന്ന് 50 വർഷംകൊണ്ട് 700 ഹെക്ടറിൽ എത്തിനിൽക്കുന്നു.

25 വർഷകാലത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിലൂടെ പുതിയൊരു കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ സാധിച്ചു എന്നുതന്നെ പറയാം. എന്നിരുന്നാലും പരമ്പരാഗതമായ തെങ്ങ്,നെല്ല് വിളകളുടെ കാര്യത്തിലുണ്ടായ പിറകോട്ടടി എടുത്ത് പറയേണ്ടതാണ്. കൃഷി ഒരു മുഖ്യവരുമാനമാർഗ്ഗമായി കാണുന്നവരുടെ എണ്ണം കാലാന്തരത്തിൽ കുറഞ്ഞുകുറഞ്ഞു വരികയാണ്. നെൽകൃഷി പല കാരണത്താ ൽ ആദായകരമല്ലെന്ന വിലയിരുത്തലിനാലുള്ള പിൻമാറ്റവും തെങ്ങിന്റെ ഉൽപാദനക്ഷമതക്കുറവും ഏറെ ബാധിച്ചു. എന്നിരുന്നാലും വാഴ,മരച്ചീനി,പച്ചക്കറി എന്നീ വിളകളുടെ കാര്യത്തിൽ നല്ല മുന്നേറ്റമുണ്ടായി. കരനെൽകൃഷിയിൽ കാര്യമായ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചത് എടുത്ത്പറയത്തക്കതാണ്.

കാർഷികമേഖലയ്ക്ക് ആവശ്യമായ പശ്ചാത്തല സൌകര്യമായ ചെറുകിടജലസേചന പദ്ധതികളും തോടുകളുടെ പുനരുദ്ധാരണവും, നിലവിലുള്ള തോടുകളിൽ ഭൂവസത്രം അണിയിക്കുന്ന പദ്ധതി ഏതാണ്ട് അന്തിമ ഘട്ടതിലാണ്. ജന നിർഗമനത്തോടൊപ്പം വേനൽ കാലങ്ങളിൽ തോടുകളിൽ തടയണ കെട്ടി ജലസംരക്ഷണം നടത്തുന്ന പ്രവർത്തനത്തിനും തുടക്കം കുറിച്ചിട്ടുണ്ട്. തരിശ് രഹിത പന്ന്യന്നൂർ പദ്ധതി സമഗ്രകാഴ്ചപ്പാടോടെ മുന്നോട്ട് കൊണ്ട്പോകാൻ സാധിക്കണം. നിലമൊരുക്കലും വിത്തും മുതൽ വിപണനം വരെ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയണം. തൊഴിലുറപ്പ് പ്രവർത്തിയുടെ ഭാഗമായി ശാസ്ത്രീയമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കണം. ബ്ലോക്ക് പഞ്ചായത്തിൻറെ നേതൃത്വത്തിലുള്ള നനവ് പദ്ധതിയുമായി സംയോജിപ്പിച്ച് ഏറെ മുന്നേറാൻ സാധിക്കേണ്ടതുണ്ട്.

ശുദ്ധജല മത്സ്യകൃഷിക്ക് വേണ്ടത്ര പ്രചരണം നടത്തുന്നതോടൊപ്പം സുരക്ഷിതമായ ഭക്ഷണമാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട്. രുചികരമായ മത്സ്യവിത്തുകൾ ലഭ്യമാക്കുന്നതിനും വിപണനത്തിനുമുള്ള നടപടി ഉണ്ടാവണം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനവും യൂണിറ്റുകളുടെ സ്ഥാപനവും പ്രധാന പദ്ധതിയായി നടപ്പാക്കാവുന്നതാണ്.

## 3. മൃഗസംരക്ഷണം, ക്ഷീരവികസനം

മൃഗ സംരക്ഷണം, ക്ഷീര വികസന മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പുതിയ പദ്ധതികൾ കണ്ടെത്തുവാനും അവ പ്രാവർത്തികമാക്കുവാനും സാധിച്ചാൽ മാത്രമേ ഈ മേഖല കൂടുതൽ ശ്രദ്ധിക്കപ്പെടുകയുള്ളൂ. ഇക്കഴിഞ്ഞ വർഷങ്ങൾ പരിശോധിച്ചാൽ കന്നുകാലികളുടെ എണ്ണത്തിൽ സാരമായ കുറവ് വന്നിട്ടുണ്ടെങ്കിലും പാലുൽപാദനത്തിൽ സാരമായ വ്യത്യാസം വന്നിട്ടില്ല. നിലവിലുള്ള ക്ഷീരകർഷകർ പിടിച്ചുനിൽക്കുന്നത് ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായുള്ള ആനുകൂല്യങ്ങളുടെ പിൻബലത്താലാണ്. പാൽ,മുട്ട,മാംസം എന്നിവയിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് പ്രവർത്തിക്കുകയേ ഇതിന് പരിഹാരമായുള്ളൂ. നല്ല വരുമാന മാർഗ്ഗമെന്ന നിലയിൽ ഈ മേഖല ഉയർത്തിക്കൊണ്ടുവരാവുന്നതാണ്. 'എൻറെ തൊഴിൽ എൻറെ അഭിമാനം' പദ്ധതിയുമായി ബന്ധപ്പെടുത്തി ഏറെ മുന്നേറ്റമുണ്ടാക്കാൻ സാധിക്കേണ്ടതുണ്ട്. ആട്, പോത്ത്, കോഴിഫാമുകൾ, കൂട്ടുസംരംഭങ്ങളായി പ്രയോഗത്തിൽ വരുത്താവുന്നതാണ്.

## 4. പ്രാദേശിക സാമ്പത്തിക വികസനം

മറ്റ് പ്രദേശങ്ങളെ താരതമ്യം ചെയ്യുമ്പോൾ അഭ്യസ്തവിദ്യരും വിവിധ മേഖലകളിൽ മികവ് തെളിയിച്ചവരുമായ നിരവധി വ്യക്തികളുടെ നാടാണ് നമ്മുടെത്. അഭ്യസ്തവിദ്യർ ഏറെയുള്ള ഗ്രാമപഞ്ചായത്ത് എന്നനിലയിൽ സർക്കാർ ജോലിക്കായി കാത്തിരുന്ന് ജീവിതത്തിൻറെ നല്ലൊരുകാലം പാഴായിപ്പോകുന്നവരുടെ എണ്ണം ഏറിവരികയാണ്. ഇതിന് ബദലായി സ്വയം

തൊഴിൽ കണ്ടെത്തൽ, സംരംഭകത്വം, കാലോചിതമായ ആധുനിക തൊഴിൽ സംരംഭങ്ങൾ എന്നിവ കണ്ടത്തേണ്ടതായിട്ടുണ്ട്. നൂതന സംരംഭങ്ങൾ ഏറ്റെടുക്കാനുള്ള സ്വയം സന്നദ്ധത യുവജനങ്ങളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. 'എൻറെ തൊഴിൽ എൻറെ അഭിമാനം', 'എൻറെ തൊഴിൽ നാടിൻറെ അഭിമാനം' എന്നീ മിഷനുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ വൈവിധ്യവത്ക്കരണം തൊഴിൽസാധ്യത കൂട്ടുമെന്നത് നിസ്തർക്ക വസ്തുതയാണ്. ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച ലേബർകോൺട്രാക്റ്റ് സൊസൈറ്റിയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കണം.

പഞ്ചായത്തിലുണ്ടായിരുന്ന ചെറുകിട സംരംഭങ്ങൾ പ്രധാനപ്പെട്ടത് ബീഡി, കള്ള്ചെത്ത്, ഫർണിച്ചർ, ബേക്കറി, ചെറുകിട കച്ചവടസ്ഥാപനങ്ങൾ മുതലായവയായിരുന്നു പ്രധാനം. നെയ്ത്ത്തൊഴിലിൽ ഏർപ്പെട്ട ഏതാനും കുടുംബങ്ങളും ഉണ്ടായിരുന്നു. ഇന്ന് നെയ്ത്ത് രംഗം തീരെ ഇല്ല. ബീഡിയും കള്ളും ഏറെ പുറകോട്ട് പോയിരിക്കുന്നു. പകരം നിർമ്മാണ മേഖല മെച്ചപ്പെട്ടിട്ടുണ്ട്. വെൽഡിംഗ്ഇൻറസ്ട്രി, വാഹന വർക്ക്ഷോപ്പുകൾ, മൊബൈൽ ഫോൺ റിപ്പയറിംഗ് സ്ഥാപനങ്ങൾ തുടങ്ങിയവ പുതുതായി ഉണ്ടായിട്ടുണ്ട്. സഹകരണസ്ഥാപനങ്ങൾ പുരോഗതി കൈവരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യകരസ്ഥമായവർ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവരുടെ സംരംഭങ്ങൾ മറ്റ് സംസ്ഥാനത്തും വിദേശരാജ്യത്തുമാണ് തുടങ്ങിയിട്ടുള്ളത്. ഇത് തിരിച്ച്കൊണ്ടുവരേണ്ടതുണ്ട്. വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ആധുനിക കാലത്തിന് യോജിക്കുന്ന വിധത്തിൽ തൊഴിൽ സാധ്യതകൾ രൂപപ്പെടുത്തുന്പോൾ മാത്രമേ പുതിയ യുവതയുടെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം കിട്ടുകയുള്ളൂ.

## 5. ദാരിദ്ര്യലഘൂകരണം

ദാരിദ്ര്യലഘൂകരണത്തിന് വേണ്ടി നമ്മുടെ പഞ്ചായത്തിൽ പദ്ധതികൾ മുന്നേറി കൊണ്ടിരിക്കുകയാണ്. അതിദരിദ്രരെ കണ്ടെത്തിയതിലൂടെ അവർക്കാവശ്യമായ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ അതിവേഗം നടപ്പിലാക്കേണ്ടതുണ്ട്. അടുത്ത ഘട്ടം എന്ന നിലയിൽ ദരിദ്രരില്ലാത്ത പന്ന്യന്നൂർ എന്ന ലക്ഷ്യം

കൈവരിക്കാൻസാധിക്കണം. അതിദരിദ്രക്കുള്ള പ്രത്യേകം പദ്ധതികൾ നമ്മൾ നടപിലാക്കികൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ വിട്ടുപോയവരുണ്ടെങ്കിൽ സർവ്വേ നടത്തി അവരെകൂടി മുഖ്യധാരയിലേക്ക് കൊണ്ട് വരേണ്ട ഉത്തരവാദിത്ത്വം നമ്മളിൽ നിക്ഷിപ്തമാണ്.

ഭവനപദ്ധതികളുടെ മാനദണ്ഡങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാവാത്ത അവസ്ഥ പരമാവധി പരിഹരിക്കപ്പെടണം. ഭവന നിർമ്മാണം, സ്ഥല ലഭ്യത, എന്നിവ പരിഗണിച്ച് അർഹരായ വ്യക്തികളെ ഈ പദ്ധതിക്ക് കീഴിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. വാസയോഗ്യമല്ലാത്ത വീടുകൾ, വാസയോഗ്യമാക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ആസ്തിസമ്പാദനത്തിന് തൊഴിലുറപ്പ് പദ്ധതിയെ പരമാവധി ഉപയോഗപ്പെടുത്താൻ സാധിക്കണം. ലൈഫ് പദ്ധതി ഫലപ്രദമാക്കാൻ സാമൂഹ്യഇടപെടൽ ശക്തമാക്കണം. ലക്ഷംവീടുകൾ കാലപ്പഴക്കം വന്ന് വാസയോഗ്യമല്ലാതാവുകയാണ്. നിലവിലുള്ളവ ഉടമസ്ഥാവകാശം പരിശോധിച്ച് ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കാൻ സാധിക്കണം.

ജനകീയാസൂത്രണപദ്ധതി ആരംഭിക്കുന്ന ഘട്ടത്തിൽ നാമമാത്രമായ സംഖ്യ (18000, 22000 ജില്ലാപഞ്ചായത്ത്) ഭവനനിർമ്മാണത്തിന് ലഭിച്ചത് പിന്നീട് ക്രമേണ വർദ്ധിച്ച് 4 ലക്ഷം രൂപ വരെ ആയിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്താൻ ഗുണഭോക്താക്കൾ ശ്രദ്ധിക്കണം.

## 6. സാമൂഹ്യനീതി (ഭിന്നശേഷി, വയോജനം)

### അങ്കണവാടി

ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികളും മാതൃകാ അങ്കണവാടികളായി മാറികൊണ്ടിരിക്കുകയാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്തവർക്ക് സ്ഥലവും കെട്ടിടവും ഒരുക്കുന്ന പദ്ധതികളും ജനകീയ പിന്തുണയോടെ ആസൂത്രണം ചെയ്യേണ്ടതാണ്. ജനകീയാസൂത്രണത്തിന്റെ ആരംഭത്തിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ഒരു അങ്കണവാടിക്ക് മാത്രമെ സ്വന്തമായി കെട്ടിടമുണ്ടായിരുന്നുള്ളൂ.ഇന്ന് 18 അങ്കണവാടികളിൽ 14 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 4 എണ്ണം ജനകീയ സഹകരണത്തോടെ സ്ഥലം കണ്ടെത്തി

കെട്ടിടനിർമ്മാണം ഒരു വർഷംകൊണ്ട് പൂർത്തിയാക്കും. കാലോചിതമായി ആധുനിക സൌകര്യങ്ങളും ശുചിമുറികളും ജല ലഭ്യതയും കളി ഉപകരണങ്ങളും ഒക്കെ ഉൾപ്പെടുന്ന അങ്കണവാടികൾ രൂപപ്പെട്ട് വരേണ്ടതായിട്ടുണ്ട്. കോൺഫറൻസ് ഹാളുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളും പുതിയ പദ്ധതിയായി വെച്ചിട്ടുണ്ട്.

**കൌമാരക്കാർ**

ഈ ലോകം യഥാർത്ഥത്തിൽ യുവതയുടെ ലോകമാണ്. ജീവിത പ്രതിസന്ധികൾ കൌമാരക്കാരെ നിരന്തരം വേട്ടയാടുകയാണ്. ഏറെ മാനസികസമ്മർദ്ധം അനുഭവിക്കുന്ന കൌമാരക്കാരുടെ കാര്യത്തിൽ ഗൌരവത്തിലുള്ള ഇടപെടലിനുള്ള പദ്ധതികൾ വേണം. ജീവിതശൈലി രോഗങ്ങളും തൈറോഡ് പ്രശ്നങ്ങളും അനീമിയ നിയന്ത്രികാനുള്ള പ്രത്യേക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നുണ്ട്. പി എച്ച് സി കളിൽ ആഴ്ചയിലൊരുദിവസം വിദഗധ ഡോക്ടർമാരുടെ പ്രതേക പരിശോധനയും നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക പദ്ധതികളും അവരുടെ സഹായ ഉപകരണങ്ങൾ റിപ്പയറിംഗും വിതരണവും പദ്ധതികളായി വെച്ചിട്ടുണ്ട്. **ഭിന്നശേഷിക്കാരായ കുട്ടികളുടെ** അമ്മമാർ അതീവപരിഗണന അർഹിക്കുന്നവരാണെന്ന ബോധ്യത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യണം. ഭിന്നശേഷി കുട്ടികൾക്ക് പഞ്ചായത്തിൽ ഒരു ബഡ്സ് സ്കൂൾ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശവും ഗ്രാമസഭയിൽ ഉയർന്ന് വന്നിട്ടുണ്ട്.

**വയോജനം**

സർക്കാറിന്റെ പുതിയ മാർഗ്ഗ നിർദ്ദേശത്തിൽ വയോജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനെ കുറിച്ച് എടുത്ത് പറഞ്ഞിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 5% തുക വയോജന ക്ഷേമത്തിനായി വിനിയോഗിക്കണമെന്ന നിർദ്ദേശം ഏറെ പ്രാധാന്യമുള്ളതാണ്. വയോജന സൌഹൃദ പഞ്ചായത്ത് എന്ന ആശയം നമുക്കും നടപ്പിലാക്കേണ്ടതുണ്ട്. പകൽ വീടുകൾ നിർമ്മിക്കപ്പെടണം. വയോജനങ്ങളുടെ മാനസികവും ശാരീരികവും വ്യക്തിപരവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യേണ്ടതായിട്ടുണ്ട്. കിടപ്പ് രോഗികളായ വയോജനങ്ങളുടെ ക്ഷേമം പ്രത്യേകം പ്രാധാന്യം അർ്പപിക്കുന്നു. ആകർഷകവും വയോജന സൌഹൃദവുമായ താവളങ്ങൾ ഒരുക്കാൻ സാധിക്കണം. അതിനായി സ്ഥലം

എടുക്കാനുള്ള പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥലം ലഭ്യമാവുന്ന മുറക്ക് വയോജന സൗഹൃദമായ ഒരു പകൽ വീട് പഞ്ചായത്തിന്റെ പദ്ധതിയിലൂടെ നടപ്പാക്കും. വാതിൽപ്പടി സേവനവും, സാന്ത്വന പരിചരണവും ഉറപ്പ് വരുത്തേണ്ടതുണ്ട്. വയോജനങ്ങൾക്ക് അവർക്ക് അനുയോജ്യമായ വിനോദയാത്രയും വിനോദക്യാമ്പുകളും ഒരുക്കാൻ സാധിക്കണം.

## 7. ജെൻറർ വികസനവും, കുട്ടികളുടെ വികസനവും

ലിംഗ നീതി സംജാതമാക്കുക എന്നത് ഏതൊരു ആധുനിക സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. ഗൃഹാന്തർ ഭാഗത്തായാലും പൊതു ഇടങ്ങളിൽ ആയാലും വനിതകൾക്ക് ഏറെ പ്രാധാന്യം ലഭിക്കേണ്ടതുണ്ട്. തൊഴിൽ ഇടങ്ങളിൽ തുല്യത ഉണ്ടാകണം. ഏകവരുമാന സ്രോതസ്സ് (പുരുഷവരുമാനം) മാത്രമുള്ള കുടുംബങ്ങളിലെ വനിതകൾക്ക് വരുമാനം ലഭ്യമാക്കുന്ന തൊഴിൽസംരംഭങ്ങൾ ഒരുക്കേണ്ടതുണ്ട്. കുടുംബശ്രീ, സഹകരണസംരംഭങ്ങളായോ ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. വനിതകളുടെ ശാരീരിക ക്ഷമത, മാനസികാരോഗ്യം മെച്ചപ്പെടൽ, നീന്തൽ പരിശീലനം, കലാകായിക പരിശീലനം എന്നിവയ്ക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഗർഭാശയ, സ്തനാർബുദ പരിശോധക്യാമ്പുകൾ ഏർപ്പെടുത്തേണ്ടേതുണ്ട്. ഇതിനായി പി എച്ച് സി യിൽ ആഴ്ചയിൽ ഒരു ദിവസം പരിശോധന ക്യാമ്പും ബോധവൽകരണവും നടത്തുന്നുണ്ട്.

നിലവിൽ എല്ലാ പ്രദേശങ്ങളിലും ലഹരി ഉപയോഗം, അതിന്റെ വ്യാപനം നമ്മളും അത്ഭുതപ്പെടുത്തുകയാണ്. കുട്ടികളിൽ വർദ്ധിച്ചുവരുന്നലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ ശക്തിയായ ബോധവത്ക്കരണവും ഇവയുടെ വിൽപന വിപണന കേന്ദ്രങ്ങളെ ഇല്ലാതാക്കാനുള്ള ശക്തമായ നടപടികളും ഉണ്ടാകണം. കുട്ടികൾക്ക് ഒന്നിച്ച് ചേരുവാനുള്ള കളി സ്ഥലങ്ങൾ ഉണ്ടാവണം. നീന്തൽ കുളങ്ങൾ, പഠന യാത്രകൾ, കലോത്സവങ്ങൾ, ശാസ്ത്ര പരിപാടികൾ എന്നിവയിലൂടെ പുതിയ കാലത്തിലേക്ക് അവരെ നയിക്കുമ്പോൾ ലഹരി ഉപയോഗത്തിൽ നിന്ന് അവർ ഒരു പരിധിവരെ മുക്തരാകും.

## 8. പട്ടികജാതി വികസനം

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗത്തെ അടക്കം പൊതുധാരയിൽ എത്തിക്കാനുള്ള ഇടപെടലുമായി ഗ്രാമപഞ്ചായത്ത് മാറേണ്ടതുണ്ട്. പട്ടികജാതി വികസനത്തിന്റെ ഭാഗമായി ഗൃഹ നിർമ്മാണം, ഗൃഹത്തിന്റെ അറ്റകുറ്റ പണികൾ, ടോയ്ലറ്റ് നിർമ്മാണം എന്നിവ ചെയ്തു വന്നിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കുട്ടികളെ മികവുറ്റവരാക്കി മാറ്റാൻ ഉതകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ലാപ്ടോപ്പുകൾ, പഠന ഉപകരണങ്ങൾ ഫർണീച്ചറുകൾ എന്നിവ നൽകാൻ സാധിച്ചിട്ടുണ്ട്. ആധുനിക ജീവിത നിലവാരത്തിലേക്ക് ഇത്തരക്കാരേയും കൈപിടിച്ച് ഉയർത്താൻ സ്വന്തമായി വരുമാനമാർഗ്ഗം, ഭവനം, വിദ്യാർത്ഥികൾക്ക് പഠനമുറി, മത്സരപരീക്ഷ കോച്ചിംഗ്, പഠന പിന്നോക്കക്കാർക്കുള്ള പിൻതുണ സംവിധാനം എന്നിവയിൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.

## 9. ആരോഗ്യം

അലോപ്പതി, ഹോമിയോ, ആയുർവേദം ഈ മൂന്ന് വിഭാഗം ചികിത്സാ രീതികളും ജനങ്ങൾ ഏറെ ഉപയോഗപ്പെടുത്തുന്നു എന്നത്കൊണ്ട്തന്നെ മൂന്ന് വിഭാഗത്തിനും പ്രാധാന്യം നൽകിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. ആരോഗ്യമുള്ള ജനത ഒരുനാടിന്റെ സമ്പത്ത് എന്ന ആപ്തവാക്യം പ്രാവർത്തികമാക്കുമാറ് മെഡിക്കൽരംഗത്തെ വിദഗ്ധരെയും ആരോഗ്യപ്രവർത്തകരേയും സംഘടിപ്പിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തേണ്ടതുണ്ട്. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് പ്രത്യേക വയോജന ഒ.പി.അർഹതപ്പെട്ടവർക്ക് സൌജന്യമരുന്ന്, വനിതകൾക്ക് വ്യായാമകേന്ദ്രം, വിവാഹ പൂർവ്വകൌൺസിലിംഗ്, ഗർഭിണികൾക്ക് പ്രാരംഭ ഘട്ടത്തിൽ തന്നെ കൌൺസിലിംഗ് എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. കോടിയേരി ക്യാൻസർ സെന്ററുമായി സഹകരിച്ച് നമ്മുടെ പഞ്ചായത്ത് നടത്തിയിട്ടുള്ള ബോധവൽകരണ പരിപാടികളും, ചികിത്സ സഹായങ്ങളും, വിവിധ ടെസ്റ്റുകളും ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന തലത്തിൽ തന്നെ മികവുറ്റ ഒറ്റ പദ്ധതിക്ക് വേണ്ടി ആയിരത്തിലധികം ബോധവൽകരണ ക്ലാസുകൾ നടത്താൻ കഴിഞ്ഞത് അഭിനന്ദനീയമാണ്.

## 10. കുടിവെള്ളം,ശുചിത്വം

ജലപര്യാപ്ത പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രഥമ പ്രധാനമായ ഒരു പ്രവർത്തിന് സുസ്ഥിര വികസന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് കൊണ്ട് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. 96-ൽ ജനകീയാസൂത്രണം തുടങ്ങുന്ന കാലഘട്ടത്തിൽ കുടിവെള്ളത്തിനായി സ്വന്തം പറമ്പിലെ കിണറിനേയോ, ഏതാനും പൊതുകിണറുകളെയോ ആണ് കുടിവെള്ളത്തിനായി ആശ്രയിച്ചത്. ലോറികളിൽ വെള്ളം കൊണ്ടുവരുന്ന രീതി ഇതോടെ ഇല്ലാതാവുകയും എല്ലാ വീട്ടിലും ശുദ്ധമായ കുടിവെള്ളം ആവശ്യത്തിന് ലഭ്യമാവുന്നതിനുള്ള കിണർ റിച്ചാർജിംഗ് മഴവെള്ള കൊഴിത്ത്, ഭൂഗർഭ ജലസംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് ക്രിട്ടിക്കൽ സോണിൽ ആയതിനാൽ ഭൂഗർഭ ജലസംരക്ഷണ പരിപാടിക്ക് ഊന്നൽ നൽകിയിലെങ്കിൽ ഭാവിയിൽ കിണർ കുഴിക്കാനുള്ള അനുമതി പോലും ഉണ്ടാവില്ലെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 1998-ൽ (AUWSS To Pannyannor)ത്വരിതനഗര ശുദ്ധജല വിതരണപദ്ധതി പന്ന്യന്നൂർ എന്ന കേന്ദ്രപദ്ധതി 3 പഞ്ചായത്തുകൾക്കായി നേടിയെടുക്കാൻ സാധിച്ചു. അതിന്റെ ഫലമായി 68 പൊതുടാപ്പ് പഞ്ചായത്തിൽ ഒരു ഓവർഹെഡ്ടാങ്ക് സ്ഥാപിക്കുകയുണ്ടായി. പിന്നീട് ഇതിൽനിന്ന് ഗാർഹിക കണക്ഷനുകൾ ഏതാണ്ട് 600ഓളം കൊടുത്തുവരുന്നുണ്ട്. ഭൂഗർഭജലവിതാനം കുറഞ്ഞ് വരുന്ന പ്രദേശം എന്ന നിലയിൽ ജലസംരക്ഷണ പ്രവർത്തനത്തിന് നല്ല പരിഗണനന നൽകണം.

രണ്ട് ചെറുകിട ശുദ്ധജലപദ്ധതിക്ക് വേണ്ടി ടാങ്കിനും കിണറിനുമുള്ള സ്ഥലവും ഒരു കുളവും പഞ്ചായത്തിന് സൌജന്യമായി നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇത് മാതൃകയാക്കി കൂടുതൽ കുടിവെള്ള സ്രോതസ്സുകൾ ഉണ്ടാക്കാനുള്ള പ്രവർത്തനം തുടരണം. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ശുദ്ധജല വിതരണ പദ്ധതി നിലവിൽ ഉള്ളത് കൊണ്ട് പഞ്ചായത്തിന് ലഭിച്ച സ്ഥലത്ത് കിണർ കുഴിക്കാനും ടാങ്ക് സ്ഥാപിക്കാനും സാധ്യമാവുന്നില്ല. കിണർ റീചാർജ്ജിംഗ് ത്വരിതപ്പെടുത്തികൊണ്ട് ലോറിയിൽ കുടിവെള്ളമെന്ന അനാരോഗ്യകരമായ പ്രവർത്തനം നിർത്താനുള്ള ആലോചനയിലാണ്. ജലജീവൻ മിഷൻപദ്ധതിയുടെ ഭാഗമായി എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലവിതരണം എന്ന പദ്ധതി സർക്കാർ പരിഗണനയിലുണ്ടെങ്കിലും ഭാരിച്ച ഗുണഭോക്തൃവിഹിതം താങ്ങുന്നതിന്

പഞ്ചായത്തിനും ഗുണഭോക്താക്കൾക്കും പരിമിതികൾ ഉണ്ട്. നിലവിൽ ഭൂഗർഭ ജല സംവിധാനം ശോചനീയമായ നിലയിൽ നമ്മുടെ പഞ്ചായത്തിന് അനുഭവപ്പെടുകയാണ്. ഉപരിതല ജലം സംരക്ഷിക്കുക വഴി മാത്രമേ ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. വീടുകളിലെ പറമ്പുകളിൽ നിന്ന് ഒഴുകി പോകുന്ന മഴ വെള്ളം ആ പറമ്പിൽ തന്നെ കെട്ടി നിർത്തേണ്ടതായിട്ടുണ്ട്. കിണർ റീ-ചാർജ്ജിംഗ് പഞ്ചായത്തിലെ എല്ലാ വീടുകൾക്കും നിർബന്ധമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിസ്തൃതമായ ഒരു വയൽ കണ്ടെത്തി മഴവെള്ള സംഭരണിയായി അതിനെ ശാസ്ത്രീയ രൂപത്തിൽ പരിവർത്തനപ്പെടുത്തുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

## 11. വിദ്യാഭ്യാസം,കല,സംസ്കാരം

ജനകീയാസൂത്രണത്തിൻറെ തുടക്കം മുതൽ എടുത്ത് പറയാവുന്ന മുന്നേറ്റം നടന്ന ഒരു ഗ്രാമപഞ്ചായത്താണ്. സമഗ്രവിദ്യാഭ്യാസ പദ്ധതിയിൽ വിദ്യാഭ്യാസ കലണ്ടർ ഉണ്ടാക്കിക്കൊണ്ട് 18 വിദ്യാലയങ്ങളെയും ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാന ദേശീയതലത്തിൽ അംഗീകാരം ലഭിച്ചവയാണ്. 96 ന് മുമ്പ് ഗ്രാമപഞ്ചായത്തിനകത്ത് രണ്ട് അൺഎയ്ഡഡ് വിദ്യാലയം ഉണ്ടായിരുന്നു. ഇന്ന് അൺഎയ്ഡഡ് വിദ്യാലയം ഗ്രാമപഞ്ചായത്തിൽ ഇല്ല. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്പോഴും നല്ല ഒരുവിഭാഗം കുട്ടികളും പട്ടണങ്ങളിലെ അൺഎയ്ഡഡ് വിദ്യാലയത്തിൽ പോകുന്ന സ്ഥിതി ഗൌരവമായി കാണണം. പഞ്ചായത്തിലെ ഏക ഗവ: വിദ്യാലയം ഹൈടെക് ആയിമാറി. എയ്ഡഡ് വിദ്യാലയങ്ങൾ നവീകരിക്കപ്പെട്ടിട്ടുണ്ട്. ഇടക്കാലത്ത് നിന്നുപോയ പ്രതിഭാസംഗമം പോലുള്ള പരിപാടികൾ തുടങ്ങുന്നത് വിദ്യാലയങ്ങളും കുട്ടികളും തമ്മിലുള്ള ഐക്യത്തിനും ആശയവിനിമയത്തിനും ഗുണകരമാണ്. മത്സരപരീക്ഷയിൽ കുട്ടികളെ സജ്ജമാക്കുന്നതിന് സമഗ്രവിദ്യാഭ്യാസ പരിപാടി സഹായകരമാണ്. മിക്കവാറും വിദ്യാലയങ്ങൾക്കും സ്വന്തമായി കളിസ്ഥലം ഇല്ല. ഇത് നമ്മുടെ പോലുള്ള പഞ്ചായത്തിന് ഒട്ടും ഭൂഷണമല്ല. വിദ്യാലയങ്ങളിൽ കളിസ്ഥലം അല്ലെങ്കിൽ വാർഡിന് ഒരു കളിസ്ഥലം എന്നത് അടിയന്തിരമായി നേടേണ്ടതാണ്.

ജനകീയാസൂത്രണത്തിന്റെ ആദ്യകാലത്ത് വളരെ ആവേശത്തോടെ സംഘടിപ്പിച്ച കേരളോത്സവം പരിപാടി യുവജനങ്ങളുടേയും ക്ലബ്ബുകളുടേയും പങ്കാളിത്തം കൊണ്ട് മെച്ചപ്പെട്ടതായിരുന്നു. പിന്നീട് പങ്കാളിത്തം കുറഞ്ഞ് വന്ന് ഇപ്പോൾ നാമമാത്രമായ പങ്കാളിത്തം മാത്രമാണ് ഉള്ളത്. ഇത് തിരിച്ച് പിടിക്കാൻ കഴിയണം. കായികരംഗത്തും കലാരംഗത്തും പഞ്ചായത്ത്തല അക്കാദമി രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ ആലോചിക്കാവുന്നതാണ്.

## 12. പൊതുമരാമത്ത്, ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ

1996 ന് മുമ്പ് ഗ്രാമപഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളുടെ എണ്ണം വെറും 3 എണ്ണം മാത്രമായിരുന്നു. ഇന്ന് 103 റോഡുകൾ 62 കി.മീ താർ ചെയ്തു. ഇത് അത്ഭുതപൂർവ്വമായ ഒരു നേട്ടം തന്നെയാണ്. വികസനമെന്നാൽ റോഡും സ്ട്രീറ്റ് ലൈറ്റും എന്നതാണ് പൊതുജനങ്ങളുടെ ധാരണ. എല്ലാ സഞ്ചാരയോഗ്യമായ റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് ലൈൻവലിക്കണം.

1996ന് മുമ്പ് 63 സ്ട്രീറ്റ് ലൈറ്റ് മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ 900 ൽ എത്തി എങ്കിലും ജനങ്ങൾ അസംതൃപ്തരാണ്. പശ്ചാത്തലമേഖല ഫണ്ട് വിഹിതം വെക്കുമ്പോൾ റോഡിൽ മാത്രമാകുന്ന മുൻഗണന എന്നത് തിരുത്തപ്പെടേണ്ടതാണ്. ഗ്രാമസഭകളിൽ വെച്ച് റോഡുകളുടെ മുൻഗണന നിശ്ചയിച്ച് പ്രവൃത്തി ഏറ്റെടുക്കണം. റോഡ് സുരക്ഷ കമ്മിറ്റികൾ എൻറെ ഗ്രാമം സുന്ദരഗ്രാമം, ഒരു വിളക്ക് നാടാകെ വെളിച്ചം എന്നീ ജനകീയ പദ്ധതികൾ ജാഗ്രതയോടെ തുടരണം. നമ്മുടെ റോഡുകളുടെ വീതിക്കുറവ് കാരണം ബ്ലോക്ക്, ജില്ല, കേന്ദ്രഫണ്ടുകൾ ലഭിക്കുന്നില്ല. അതിന് റോഡുകൾ 6 മീ, 8 മീ ആയി വീതി കൂട്ടാൻ ജനകീയ കൂട്ടായ്മയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

## 13. ജൈവവൈവിധ്യം ദുരന്തനിവാരണം

ജൈവവൈവിധ്യ സംരക്ഷണത്തിന് ഏറ്റവും കൂടുതൽ ഊന്നൽനൽകേണ്ട സമയമാണിത്. അശാസ്ത്രീയ മണ്ണെടുക്കൽ, നികത്തൽ,മതിലുകളുടെ നിർമ്മാണം എന്നിവ വഴി ധാരാളം ജൈവസമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരു 30 വർഷംമുമ്പ് നമ്മുടെ നാട്ടിൽ കാണാത്ത സസ്യജന്തുജാലങ്ങൾ അനിയന്ത്രിതമായി നാട്ടിൽ പെരുകിവരുന്നുണ്ട്. നമുക്ക് അത്യാവശ്യമുള്ളതും

അപൂർവ്വമായതും നശിക്കുന്നതും അപകടകാരികളായവ വർദ്ധിച്ച് വരുന്നതും വളരെ ഗൌരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. അത്കൊണ്ട് തന്നെ കാലാകാലങ്ങളിൽ ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കലും സൂക്ഷിച്ച് വെക്കലും ജൈവവൈവിധ്യ മാനേജ്മെൻറ് കമ്മിറ്റി (GMCA) യുടെ നേതൃത്വത്തിൽ നടക്കണം. പ്രാദേശിക ജൈവ വൈവിദ്യ കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട ഒരു രേഖ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി ഈ സുദിനത്തിൽ അനാച്ഛാദനം ചെയ്യുകയാണ്. ഇതിന് പുറമേ ജൈവ വൈവിദ്യ രജിസ്റ്റർ പുതുക്കാനുള്ള കർമ്മ പദ്ധതിയും നടന്ന് വരുന്നു. ജൈവ വൈവിദ്യ ഇ രജിസ്റ്റർ ഏറെ താമസിയാതെ പ്രസിദ്ധീകരിക്കുകയാണ്. വിദ്യാലയത്തിന്റെ ജൈവ വൈവിദ്യ രജിസ്റ്ററും കുട്ടികൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി സംരക്ഷണ കാര്യത്തിൽ ഏറ്റവും വലിയ ചുമതല നിർവ്വഹിക്കേണ്ട BMCA ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കാൻ ശ്രദ്ധിക്കണം. നാശോന്മുഖമാകുന്നതും ഔഷധഗുണമുള്ളതുമായ ചിലതരം സസ്യങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി തെച്ചി, ആടലോടകം, കുറുന്തോട്ടി, ചെമ്പരത്തി തുടങ്ങിയ അന്യംനിന്ന് പോകുന്ന സസ്യസമ്പത്ത് തിരിച്ച് പിടിക്കാൻ കഴിയണം.

വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷണ ബോധവത്ക്കരണത്തിന് പക്ഷിനിരീക്ഷണം, പഞ്ചായത്തിലെ പക്ഷികൾ തുടങ്ങിയ പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

ധാരാളം ക്ഷേത്രക്കാവുകളുള്ള ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ പ്രദേശികമായി കാവ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ കഴിയണം. അനുമതിയില്ലാത്ത മണ്ണിടിക്കലും നികത്തലും ശക്തമായി നിരോധിക്കാൻ ഔദ്യോഗിക സംവിധാനം ഉണ്ടാകണം.

ദുരന്തങ്ങളിൽ പ്രധാനമായി നാം അഭിമുഖീകരിക്കേണ്ടി വന്നത് വെള്ളപ്പൊക്കമാണ്. പൊന്നും പുഴയുടെ നീരൊഴുക്ക് സുഗമമാക്കിയാൽതന്നെ ഒരുപരിധിവരെ വെള്ളപ്പൊക്കം പരിഹരിക്കാം. ശക്തമായ മഴയുണ്ടാകുമ്പോൾ എല്ലാ വർഷവും ഒരേസ്ഥലത്താണ് വെള്ളപ്പൊക്കം ഉണ്ടാകുന്നത്. സ്ഥിരമായി ആവർത്തിക്കുന്ന വെള്ളപ്പൊക്കമേഖലയെ പ്രത്യേക സോണാക്കിമാറ്റി അവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കാവുന്നതാണ്.

വലിയവെള്ളപ്പൊക്കമുണ്ടായെങ്കിലും വലിയതോതിലുള്ള ദുരന്തങ്ങളോ, ആൾനാശമോ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടില്ല. എന്നാലും പരിശീലനം ലഭിച്ച ദുരന്തനിവാരണ സേനയേയും അവർക്ക് ആവശ്യമായ ഉപകരണങ്ങൾ, താമസിക്കാനുള്ള ഷെൽട്ടറുകൾ തുടങ്ങിയവ മുൻകൂട്ടി ഒരുക്കി വെക്കാൻ കഴിയണം. പഞ്ചായത്തിലെ തോട്ടുകളിലേയും മറ്റ നീരൊഴുക്കും സുഗമമാക്കാനുള്ള പ്രവർത്തനങ്ങൾ മഴക്കാലത്തിനു വളരെ മുമ്പായി തന്നെ പൂർത്തീകരിക്കാൻ കഴിയണം.

## സാന്ത്വനപരിചരണം

ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു പാലിയേറ്റീവ് പരിചരണ വിഭാഗം ഉണ്ട്. അതിന് പുറമെ ടെസ്റ്റുകളും സംഘടനകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ആദ്യകാലത്ത് കിടപ്പ് രോഗികളുടെ ശുശ്രൂഷ വീട്ടുകാരുടെ മാത്രമായിരുന്നെങ്കിൽ ഇപ്പോൾ സമൂഹം കൂടി അതിൽ ഉൾപ്പെടുന്നത് കിടപ്പുരോഗികൾക്ക് ആശ്വാസകരമാണ്.

വ്യക്തിഗത പരിചരണത്തിന് ആവശ്യമുള്ള മൈക്രോലവൽ പ്ലാനിംഗ് എന്ന തരത്തിൽ സാന്ത്വന പരിചരണപ്രവർത്തനങ്ങൾ മാറണം. പാലിയേറ്റീവ് രംഗത്ത് പ്രവൃത്തികൾ സന്നദ്ധരായ വ്യക്തികളെയും സംഘടനകളെയും ഗ്രാമപഞ്ചായത്ത് ഏകോപിപ്പിക്കണം. പഞ്ചായത്ത് പ്രദേശത്ത് ഒരു ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കണം എന്ന കാര്യം ആലോചിക്കാവുന്നതാണ്.

പ്രഥമശുശ്രൂഷ, ഫിസിയോതെറാപ്പി ഈ രംഗത്ത് അടിസ്ഥാന വിവരം നൽകുന്ന പരിശീലന ക്ലാസ്സുകൾ നൽകുന്നത് നന്നായിരിക്കും. രോഗി പരിചരണത്തിനായി ഹോം നഴ്സിംഗ്, ഹോസ്പിറ്റൽ ബൈസ്റ്റാൻറിംഗ് എന്നിവയിൽ താല്പര്യമുള്ളവരെ ചേർത്ത്കൊണ്ട് ഒരു ഗ്രൂപ്പ് രൂപീകരിച്ച് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നത് ഈ രംഗത്ത് സഹായകമാകും.

# വാർഷിക പദ്ധതി 2026–27
# കരട് പദ്ധതി നിർദ്ദേശങ്ങൾ

## പൊതുഭരണവും ധനകാര്യവും

1. ഗ്രാമപഞ്ചായത്ത് പുതുതായി നിർമ്മിക്കുന്ന കെട്ടിടം ആധുനിക രീതിയിൽ എല്ലാ സൌകര്യങ്ങളോടും കൂടി നിർമ്മിക്കുക. പഞ്ചായത്ത് പ്രവർത്തനത്തിന് ആവശ്യമായ ഘടക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സൌകര്യങ്ങൾ നിർദ്ദിഷ്ട കെട്ടിടത്തിൽ ലഭ്യമാക്കുക
2. പഞ്ചായത്തിന് കീഴിലുള്ള എല്ലാ ഘടക സ്ഥാപനങ്ങളിലും സോളാർ സ്ഥാപിക്കുക
3. സാധ്യമായ പൊതു സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനായി സോളാർ സ്ഥാപിക്കുക
4. ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സക്കാവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തുക
5. പഞ്ചായത്തിലെ സ്വന്തം കെട്ടിടമുള്ള വായനശാലകൾക്ക് സോളാർ സ്ഥാപിക്കുക മറ്റ് വായനശാലകൾക്ക് ഇൻവേട്ടർ സ്ഥാപിക്കുക. കെ–ഫോൺ സംവിധാനവും ഒരുക്കുക
6. പന്ന്യന്നൂർ, ചമ്പാട് മേഖലയിൽ ഓരോ പകൽ വീട് സ്ഥാപിക്കുക
7. അങ്കണവാടികൾ പ്രവൃത്തി സമയം കഴിഞ്ഞതിന് ശേഷം ഇതിനായി ഉപയോഗിക്കാൻ പറ്റുമോ എന്നത് പരിശോധിക്കുക
8. പഞ്ചായത്തിന്റെ പൊതു കേന്ദ്രങ്ങളിൽ സ്ത്രീ സൌഹൃദ ടോയ്ലറ്റുകൾ സ്ഥാപിക്കുക
9. കെ–സ്മാർട്ട് പോലെയുള്ള ഡിജിറ്റൽ ഓൺലൈൻ സർവ്വീസ് രണ്ടാം ഘട്ടം ആരംഭിക്കുന്നതിന്റെ മുന്നോടിയായി മാസ്റ്റർ ട്രയിനർമാക്കും ട്രയിനർമാക്കും പരിശീലനവും അവർ ഗൃഹ സന്ദർശനം നടത്തി ബോധവൽകരണം നടത്തുന്നതിനായുള്ള പദ്ധതി
10. പഞ്ചായത്തിലെ കരാർ – താൽകാലിക ജീവനക്കാർക്ക് വേതനം നൽകൽ
11. ജൽ ജീവൻ പദ്ധതി നടപ്പിലാക്കും വരെ പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ പദ്ധതി തുടരാനും
12. ഹാപ്പിനസ്സ് പാർക്ക്, ഫിറ്റ്നസ് സെന്റർ എന്നിവയ്ക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കുക
13. എ ബി സി പദ്ധതി, തെരുവ് നായകൾക്ക് ഷെൽട്ടർ എന്നീ പദ്ധതികൾ നടപ്പിലാക്കുക